.ഇ.ബി. XIIകേരള നിയമസഭ/IX-12

**പന്ത്രണ്ടാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ഡിസംബർ 17, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

സയ്യിദ് ഉമ്മർ ബാഫക്കി തങ്ങൾ, സി.പി. ബാലൻ വൈദ്യർ, ബി.വിജയകുമാർ എന്നിവരുടെ നിര്യാണം

മുസ്ലീം ലീഗ് സംസ്ഥാന ട്രഷറർ സയ്യിദ് ഉമ്മർ ബാഫക്കി തങ്ങൾ, മുൻ കേരള നിയമസഭാംഗങ്ങളായ സി.പി. ബാലൻ വൈദ്യർ, ബി. വിജയകുമാർ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തി.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

**അടിയന്തിര പ്രമേയം**

<u>മൂന്നാറിൽ പിടിച്ചെടുത്ത സർക്കാർ ഭൂമി വിതരണം</u>

<u>മി. സ്പീക്കർ:</u> മൂന്നാറിൽ സർക്കാർ പിടിച്ചെടുത്ത ഭൂമിയുടെ പ്രധാനഭാഗം വന്യജീവി സംരക്ഷണമേഖലയായി വനം വകുപ്പ് പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ ഭൂമി വിതരണത്തിൽ ഉണ്ടായിരിക്കുന്ന അനിശ്ചിതാവസ്ഥ യെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ വി.ഡി. സതീശൻ, കെ. കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, കർഷകത്തൊഴിലാളികൾ, തോട്ടം തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം നടന്നുവരികയാണ്. 12 ജില്ലകളിൽ ഇതിനകം ഭൂമിമേളകൾ നടത്തി. മൂന്നാർ, ദേവികുളം, ഉടുമ്പൻചോല പ്രദേശങ്ങളിലായി 1662 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിന് ഭൂപരിഷ്ക്കരണ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ അപേക്ഷകൾ സ്വീകരിച്ചുവരികയാണ്. അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഭുമി വിതരണം ചെയ്യാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. വന്യജീവി, നീലക്കുറിഞ്ഞി മേഖലകളെ സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

അതുകൊണ്ട് ഇക്കാര്യം സഭാനടപടികൽ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. വി.ഡി. സതീശൻ:</u> അടിയന്തിര പ്രമേയ നോട്ടീസിൽ പറ ഞ്ഞിട്ടുള്ള കാര്യങ്ങൾക്കല്ല ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. മൂന്നാറിൽ കയ്യേറ്റക്കാരിൽനിന്നും സർക്കാർ ഒഴിപ്പിച്ചെടുത്ത 1662 ഏക്കർ ഭൂമി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ആദിവാസികൾക്കും തോട്ടംതൊഴിലാളികൾക്കും വിതരണം നടത്തുമെന്നാണ് പ്രഖ്യാപിച്ചത്. കീഴാന്തൂർ, വട്ടവട, കുറ്റിയാർ ഹൗസ്, മൂന്നാറിലെ ടാറ്റാ എസ്റ്റേറ്റ് തുടങ്ങിയ സ്ഥലങ്ങളിലെ അനധികൃത കയ്യേറ്റക്കാരിൽനിന്നും ഭൂമി പിടിച്ചെടുത്തുവെന്ന് പ്രസ്തുത ഭൂമി പാവപ്പെട്ടവർക്ക് വിതരണം നടത്തിയെന്നുമാണ് നോട്ടിഫിക്കേഷൻ വന്നത്. പ്രസ്തുത ഭൂമിയുടെ സർവ്വേ നമ്പർ പരിശോധിച്ചപ്പോൾ അവ ശരിയല്ലെന്ന് കണ്ടു. വിവരാവകാശ നിയമപ്രകാരം ഇടുക്കി കളക്ടറേറ്റിൽനിന്നും ലഭിച്ച മറുപടിയിൽ 120 ഏക്കർ ഭൂമിയാണ് അനധികൃത കയ്യേറ്റക്കാരിൽനിന്നും സർക്കാർ പിടിച്ചെടുത്തതെന്ന് വ്യക്തമാക്കിയിരുന്നു. കീഴാന്തൂരിൽനിന്നും പിടിച്ചെടുത്ത ഭൂമി സർക്കാരിൽ നിഷിപ്തമായ ഭൂമിയാണ് ഇതിന്റെ ഒരു ഭാഗം വൈൽഡ് ലൈഫ് സാങ്ചറിയിൽപ്പെട്ടതാണ്. വട്ടവടയിൽനിന്നും പിടിച്ചെടുത്ത ഭൂമി വൈൽഡ് ലൈഫ് സാങ്ചറിയായി പ്രഖ്യാപിക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. ടാറ്റയിൽനിന്നും പിടിച്ചെടുത്ത ഭൂമിയെ സംബന്ധിച്ച് വനം വകുപ്പും റവന്യൂ വകുപ്പും തമ്മിൽ തർക്കം നടക്കുകയാണ്. കുറ്റിയാർ ഹൗസിലെ ഭൂമി വനംവകുപ്പ് വെള്ളൂർ ന്യൂസ് പ്രിന്റിന് പാട്ടത്തിന് കൊടുത്തതാണ്. മേൽപ്പറഞ്ഞ ഭൂമിയൊന്നുംതന്നെ വിതരണ യോഗ്യവുമല്ല. വൈൽഡ് ലൈഫ് സാങ്ചറിയായി പ്രഖ്യാപിക്കാൻ നോട്ടിഫിക്കേഷൻ ഇറക്കാൻ തീരുമാനിച്ച വട്ടവടയിലെ ഭൂമിയാണ് തോട്ടം തൊഴിലാളികൾക്കും

ആദിവാസികൾക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും വിതരണം നടത്തിയെന്ന് ഗവൺമെന്റ് അവകാശപ്പെടുന്നത്. മൂന്നാറിലെ യഥാർത്ഥ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള ഒരു ശ്രമവും ഗവൺമെന്റ് ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. സർക്കാർ പിടിച്ചെടുത്തു എന്നവകാശപ്പെടുന്ന 1662 ഏക്കർ ഭൂമിയിൽ നൂറോ ഇരുന്നൂറോ ഏക്കർ ഭൂമിയൊഴിച്ച് ഒരു സെന്റ് ഭൂമിപോലും വിതരണം നടത്താൻ യോഗ്യമല്ല. രണ്ടാം ഭൂപരിഷ്ക്കരണ സമരത്തിന്റെ പേരിൽ മൂന്നാറിൽ പാവപ്പെട്ട ആദിവാസി തോട്ടം തൊഴിലാളികൾക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഭൂമി വിതരണം നടത്തുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത് തികച്ചും കാപട്യമാണ്. ഗുരുതരമായ ഈ സ്ഥിതി വിശേഷത്തെക്കുറിച്ച് സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യാൻ അവസരം ഉണ്ടാക്കണം.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ:</u> കയ്യേറ്റം ഒഴിപ്പിച്ചെടുത്തതും സർക്കാരിന്റെ കൈവശമുള്ളതുമായ ഭൂമി ജനുവരി ഫെബ്രുവരി മാസങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മുഖ്യമന്ത്രിയും മന്ത്രിസഭാ ഉപസമിതിയും റവന്യൂ, ഫോറസ്റ്റ്, നിയമവകുപ്പ് തുടങ്ങി ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് രണ്ടു പ്രാവശ്യം യോഗം ചേരുകയും വളരെ വിശദമായി ഭൂമി വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ച സ്ഥലം സംബന്ധിച്ച് റവന്യൂ, വനം വകുപ്പ്, ഉദ്യോഗസ്ഥർ സംയുക്തമായി സർവ്വേ നടത്തുകയും ലേ ഔട്ട് പ്ലാൻ തയ്യാറാക്കുകയും അതിർത്തി തിരിക്കുകയും വകുപ്പുതല തർക്കങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുകയും ചെയ്യേണ്ടതാണെന്ന് തീരുമാനമെടുക്കുകയും ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി

ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാൻ ലാന്റ് റവന്യൂ കമ്മിഷണർ, മൂന്നാർ സ്പെഷ്യൽ ഓഫീസർ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഡിസ്ട്രിക്ട് കളക്ടർ, ഇടുക്കി സർവ്വെ ഡയറക്ടർ തുടങ്ങിയ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1662 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനാവശ്യമായ എല്ലാ നടപടികളും ഭൂപരിഷ്ക്കരണ നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്വീകരിച്ചിട്ടുള്ളത്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അർഹരായവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഏകദേശം ഇരുപത്തിനാലായിരത്തോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. മൂന്നാർ, ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിൽ സർക്കാരിൽ നിക്ഷിപ്തമാക്കിയ ഭൂമി പ്രൊട്ടക്ട് ചെയ്യാനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ കുറച്ചു ഭാഗം വനം വന്യജീവി സംരക്ഷണ മേഖലയായി പ്രഖ്യാപിക്കപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇതിന്റെ എല്ലാ വിശദാംശങ്ങളും പരിശോധിച്ചു വരികയാണ്. വിതരണത്തി നായുള്ള സ്ഥലങ്ങൾ റവന്യൂ-വനം വകുപ്പ് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു കമ്മിറ്റിയാണ് സംയുക്തമായി പരിശോധിച്ച് വിതരണത്തിനുള്ള എല്ലാ നടപടി കളും സ്വീകരിച്ചിട്ടുള്ളത്. 8000 ഏക്കർ ഭൂമി വനം വകുപ്പിന് നീലക്കുറി ഞ്ഞി മേഖലയായി പ്രഖ്യാപിക്കാൻ സ്ഥലം കൈമാറിയതും അങ്ങനെ പ്രഖ്യാപിച്ചതും ഈ സർക്കാരിന്റെ കാലത്താണ്. വനം വകുപ്പ് ആവശ്യമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് സംസ്ഥാനത്ത് നീലക്കുറിഞ്ഞി മേഖല യേയും വന്യജീവി സംരക്ഷണമേഖലയേയും സംരക്ഷിക്കുന്നതിനാ വശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യജീവികളുടെ ആക്രമണത്തിൽനിന്ന്

രക്ഷനേടുന്നതിന് അപകടമുള്ള സ്ഥലങ്ങളിൽനിന്ന് മാറ്റി സുരക്ഷിതമായ സ്ഥലങ്ങളിൽ ഭൂമി നൽകണമെന്ന് ആവശ്യപ്പെട്ട ആദിവാസികൾക്കുകൂടി സർക്കാർ ഭൂമി വിതരണം ചെയ്യാൻ ഇപ്പോൾ നടപടി സ്വീകരിക്കുകയാണ്. ഭൂമി വിതരണത്തിനായി ഏറ്റെടുത്ത സ്ഥലങ്ങളെ സംബന്ധിച്ച് കോടതിയിൽ കേസ്സ് നിലവിലുണ്ട്. ഇതുസംബന്ധിച്ച് നിയമവകുപ്പുമായി ആലോചിച്ച് ആവശ്യമായ രേഖകൾ ഹാജരാക്കി കോടതിയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. കോടതിയുടെ എല്ലാവിധ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് മൂന്നാർ മേഖല യിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ, ആദിവാസികൾ, തോട്ടം തൊഴിലാളികൾ എന്നിവർക്കുള്ള ഭൂമി വിതരണവുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷം അത് തടസ്സപ്പെടുത്താൻ ശ്രമിക്കരുത്. എല്ലാവരുടേയും സഹക രണത്തോടുകൂടി ഈ ഭൂമി വിതരണം നടപ്പിലാക്കണം. നീലക്കുറിഞ്ഞിമേഖല യേയും വന്യജീവി സംരക്ഷണമേഖലയേയും സംരക്ഷിച്ചുകൊണ്ട് ഭൂമി വിത രണം ചെയ്യുമെന്ന് ഉറപ്പുനൽകുന്നു. സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

1) തേയിലത്തോട്ടം തൊഴിലാളികളുടെ സമരം

ശ്രീ. കെ. ബി. ഗണേഷ്കുമാർ: കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ എസ്റ്റേറ്റുകളുള്ള പീരുമേട്ടിലെ ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനിയിലെ തൊഴിലാളികൾ മാനേജ്മെന്റ് സ്വീകരിക്കുന്ന ദ്രോഹനയത്തെത്തുടർന്ന് 1998 മുതൽ സമരത്തിലാണ്. മാനേജ്മെന്റ് തൊഴിലാളികളോട് സ്വീകരിച്ചിരിക്കുന്ന ദ്രോഹ നടപടികൾക്കെതിരെ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. തൊഴിലാളികളുടെ ലയങ്ങളിൽ വൈദ്യുതിയും വെള്ളവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് മാനേജ്മെന്റ് തടസ്സം നിൽക്കുകയാണ്. അവിടെ തൊഴിലാളികളെ പട്ടിണിക്കിട്ട് പീഡിപ്പിക്കുകയാണ്. പത്തനാപുരത്തെ ആര്യങ്കാവ് പഞ്ചായത്തിൽപ്പെട്ട അമ്പനാട് എസ്റ്റേറ്റിലെ തൊഴിലാളികൾ മാനേജ്മെന്റ് കാണിക്കുന്ന ക്രൂരതകൾ 2008 വരെ സഹിച്ചു. ഇവിടെ ആറുമാസം ശമ്പളം പോലുമില്ലാതെ അവർ ജോലി ചെയ്തിട്ടുണ്ട്. 2008-ൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി തോട്ടം തൊഴിലാളികളുടെ പ്രതിദിന വേതനം 82.72 രൂപയിൽ നിന്നും 118 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. ഭൂരിപക്ഷം എസ്റ്റേറ്റുകളിലും ഇത് നൽകിത്തുടങ്ങിയെങ്കിലും അമ്പനാട് എസ്റ്റേറ്റിൽ വേതന വർദ്ധനവ് പ്രാവർത്തികമാക്കിയില്ല. ഈ എസ്റ്റേറ്റിൽ തേയിലയ്ക്ക് പുറമെ, ഗ്രാമ്പൂ, ഏലം, ജാതി, കുരുമുളക്, തേക്ക്, തെങ്ങ് തുടങ്ങിയവയും കൃഷി ചെയ്യുന്നുണ്ട്. ഇതിനുപുറമെ നിയമാനുസൃതമല്ലാതെ 'അമ്പനാട് ഹിൽ റിസോർട്ട്' എന്ന പേരിൽ ഇവിടെ ഒരു റിസോർട്ടും ആരംഭിച്ചു. ഈ റിസോർട്ടിലെ പല ജോലികൾക്കും തോട്ടം

തൊഴിലാളികളെയാണ് മാനേജ്മെന്റ് നിയോഗിക്കുന്നത്. തോട്ടത്തിൽ കേന്ദ്ര സർക്കാർ ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ കൊണ്ടുവന്നപ്പോൾ മാനേജ്മെന്റ് അതിനെതിരെ കോടതിയിൽ നിന്ന് സ്റ്റേ വാങ്ങി. പിന്നീട് സംസ്ഥാന സർക്കാർ പണം മുടക്കി ലയങ്ങളിൽ വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കാൻ തയ്യാറായപ്പോൾ അതിനെതിരെയും സ്റ്റേ വാങ്ങി. ഇതൊക്കെ വകുപ്പുദ്യോഗസ്ഥർ നിസ്സഹായരായി നോക്കി നിൽക്കുകയാണ്. സർക്കാർ ചർച്ചയ്ക്ക് വിളിച്ചാൽ വരാതെ ധിക്കാരപരമായ നിലപാടാണ് മാനേജ്മെന്റ് സ്വീകരിക്കുന്നത്. ഇപ്പോൾ 38 ദിവസമായി തൊഴിലാളികൾ സമരത്തിലാണ്. തോട്ടം തൊഴിലാളികൾ നടത്തിവരുന്ന സമരം അടിയന്തിര മായി ഒത്തുതീർപ്പാക്കുകയും മനുഷ്യാവകാശ ലംഘനവും തൊഴിൽ നിയമ ങ്ങളുടെ ലംഘനവും നടത്തിക്കൊണ്ടിരിക്കുന്ന മാനേജ്മെന്റിനെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പീരുമേട്ടിലെ ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനിയുടെ കീഴിൽ 440 ഹെക്ടറിൽ തേയില, 400-ഓളം ഹെക്ടറിൽ റബ്ബർ, 300-ഓളം ഹെക്ടറിൽ ഗ്രാമ്പൂ, കാപ്പി, കുരുമുളക് തുടങ്ങിയവയും കൃഷി ചെയ്യുന്നുണ്ട്. 29-09-2008-ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി തീരുമാനപ്രകാരമുള്ള വേതനം റബ്ബർ ഡിവിഷനിൽ മാത്രമാണ് നടപ്പിലാക്കിയത്. തേയില ഡിവിഷനിൽ ഇത് നടപ്പിലാക്കാത്തതുമൂലം 10/11/2008 മുതൽ ഇവിടത്തെ തൊഴിലാളി കൾ പണിമുടക്കിയിരിക്കുകയാണ്. പ്ലാന്റേഷൻ ലേബർ കമ്മിറ്റി എഗ്രിമെന്റ് വിവിധ ഡിവിഷനുകളിൽ നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചി

ട്ടുണ്ട്. എഗ്രിമെന്റ് നടപ്പാക്കാത്ത പ്രസ്തുത മാനേജ്മെന്റിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വർഷങ്ങളായി ലയങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല, തോട്ടത്തിലെ ഹോസ്പിറ്റലിൽ ഡോക്ടറെ നിയമിക്കാത്തതടക്കം മാനേജ്മെന്റിനെതിരെ തൊഴിലാളികൾക്ക് പല പരാതികളുമുണ്ട്. ഇതിനെ സംബന്ധിച്ചെല്ലാം പ്ലാന്റേഷൻ ഇൻസ്പെക്ടർ പരിശോധന നടത്തുകയും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. തോട്ടത്തിൽ നിലനിൽക്കുന്ന തൊഴിൽപ്രശ്നം പരിഹരിക്കാൻവേണ്ടി പുനലൂർ ഡെപ്യൂട്ടി ലേബർ ഓഫീസർ അനുരഞ്ജനചർച്ചയ്ക്കായി തൊഴിലുടമാ പ്രതിനിധികളെ ക്ഷണിച്ചെങ്കിലും അവർ പങ്കെടുക്കാത്തതിനാൽ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോൺഫറൻസ് വിളിച്ചു ചേർക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അമ്പനാട് എസ്റ്റേറ്റിൽ റിസോർട്ട് തുടങ്ങിയത് പ്ലാന്റേഷൻ ലേബർ ആക്ട് ലംഘിച്ചുകൊണ്ടാണെങ്കിൽ ഗവൺമെന്റ് ശക്തമായ നടപടി കൈക്കൊള്ളുന്നതാണ്. പീരുമേട് വൈദ്യുതി കണക്ഷൻ സംബന്ധിച്ച പ്രശ്നം ഗവൺമെന്റ് ഇടപെട്ട് പരിഹരിക്കുന്നതുമാണ്. അടച്ചിട്ട രണ്ട് തോട്ടങ്ങൾ തുറക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഒരു പാക്കേജ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടീ ആക്ട് അനുസരിച്ച് തോട്ടങ്ങൾ ടേക്കോവർ ചെയ്ത് ഇതര ഉടമകളെ ഏൽപ്പിക്കാനാണ് തീരുമാനിച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ നടപടികൾക്കെതിരെ തോട്ടമുടമ കോടതിയിൽ കേസ് ഫയൽ ചെയ്തു. സംസ്ഥാന ഗവൺമെന്റ് ഇതിൽ കക്ഷിയല്ല. ടീ ബോർഡിന്റെ നിയന്ത്രണം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമായതിനാൽ കേന്ദ്ര ഗവൺമെന്റുമായി ആ പ്രശ്നം ടേക്കപ്പ് ചെയ്യുന്നതാണ്. കാർഷിക പരിഷ്ക്കരണ നിയമത്തിന്റെ പരിധിക്ക് പുറത്തുള്ള മുതലാളിമാരുടെ നിയമ

വിരുദ്ധമായ നിലപാടുകൾക്കെതിരെ നിയമം അനുശാസിക്കുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(2) എസ്കലേഷൻ സമ്പ്രദായം

ശ്രീ. ടി. യു. കുരുവിള : സംസ്ഥാനത്തെ 302 പൊതുമരാമത്ത് പണികൾ സ്തംഭനാവസ്ഥയിലാണ്. ഖജനാവിൽനിന്ന് മുടക്കുന്ന ഭീമമായ തുക ഉപയോഗിച്ച് നല്ല ക്വാളിറ്റിയിൽ പണി പൂർത്തീകരിക്കുന്നതിനും അനുവദിച്ച മറ്റ് വർക്കുകൾ തുടരുന്നതിനും മറ്റ് സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ ഇവിടെയും എസ്കലേഷൻ ക്ലാസ് ചേർക്കണം. കമ്പി, സിമന്റ് എന്നിവയുടെ അമിത വിലക്കയറ്റംമൂലം പല വർക്കുകളും കരാറുകാർ നിറുത്തിവച്ചിരിക്കുക യാണ്. 2004-ലെ ഷെഡ്യൂൾ പ്രകാരം തുടങ്ങിയ വർക്കുകൾക്ക് ഗവൺമെന്റിന്റെ കുറ്റംകൊണ്ട് കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ 2008-ലെ കുറഞ്ഞ റേറ്റ് കൊടുക്കാനുള്ള ഉത്തരവുണ്ട്. കേരളത്തിൽ 45 ലക്ഷം രൂപ യിൽ കുറവുള്ള വർക്കുകൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ലെവലിൽ മാർക്കറ്റ് റേറ്റോ കമ്പിയും സിമെന്റും സപ്ലൈ ചെയ്യാനുള്ള തീരുമാനമോ നടപ്പിലാക്കിയാൽ ഈ പ്രശ്നത്തിന് പരിഹാരമാകും. മറ്റ് സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ എസ്കലേഷൻ കോസ്റ്റ് ഏർപ്പെടുത്തി മാർക്കറ്റിലെ പ്രൈസ് വേരിയേഷന് അനുസരിച്ച് റേറ്റ് കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്ന വ്യവസ്ഥ ഗവൺമെന്റ് എഗ്രിമെന്റിൽ ഉണ്ടാകണം. ടെണ്ടർ കമ്മിറ്റി കൂടി ടെണ്ടർ അക്സെപ്റ്റ് ചെയ്ത് കൊടുക്കുന്നതിലും ടെണ്ടർ ഫിക്സ് ചെയ്തുകഴിഞ്ഞാൽ ജി.ഒ. ഇറക്കാനും ഉണ്ടാകുന്ന കാലതാമസം കുറയ്ക്കാ നാവശ്യമായ നടപടി സ്വീകരിക്കണം. എസ്റ്റിമേറ്റ് തയ്യാറാക്കി മുകളിലേയ്ക്ക് അയയ്ക്കുമ്പോൾ ഷെഡ്യൂൾ മാറുന്നതുകൊണ്ട് വീണ്ടും പുതുക്കാൻ താഴേയ്ക്ക് അയയ്ക്കുന്ന പ്രവണത അവസാനിപ്പിക്കണം. ക്വാളിറ്റി കൺട്രോ

ളിനുവേണ്ടി എല്ലാ ജില്ലകളിലും സബ് ഡിവിഷൻ രൂപീകരിച്ച് കോൺക്രീറ്റിംഗും ടാറിംഗും ചെക്ക് ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : സംസ്ഥാനത്ത് കരാറുകളിൽ ഏർപ്പെടുമ്പോൾ നിലനിൽക്കുന്ന സിസ്റ്റത്തിൽ മാറ്റം വരുത്തി എസ്കലേഷൻ സിസ്റ്റം ഏർപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. ഇപ്പോൾ റേറ്റ് കുറയ്ക്കാനുള്ള സംവിധാനം നിലവിലില്ല. സംസ്ഥാനത്ത് സാധനസാമഗ്രികളുടെ വിലക്കയറ്റംമൂലം നിർമ്മാണപ്രവർത്തനങ്ങൾ മന്ദഗതിയിലാകുകയും നിറുത്തിവയ്ക്കുകയും ചെയ്തത് ജനപ്രതിനിധികളും കരാറുകാരുടെ സംഘടനകളും വിവിധ നിവേദനങ്ങളിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന വികസന കൗൺസിലിലും ധനകാര്യ വകുപ്പുമന്ത്രിയുമായും മന്ത്രിസഭായോഗത്തിലും ചർച്ചചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം കരാറുകാരന്റെ കുറ്റംകൊണ്ടല്ലാതെ പണി നിറുത്തിവച്ച നിർമ്മാണ പ്രവർത്തനങ്ങളിൽ 1-4-2008-നുശേഷമുള്ള ബാക്കി പണികൾക്ക് ചില നിബന്ധനകൾക്ക് വിധേയമായി സ്റ്റീൽ, സിമന്റ് എന്നിവയ്ക്ക് 2008-ലെ ഷെഡ്യൂൾ പ്രകാരമുള്ള നിരക്കോ കമ്പോള വിലയോ ഏതാണ് കുറവ് അത് അനുവദിക്കുന്നതിനുള്ള നിർദ്ദേശമാണ് ഗവൺമെന്റ് നൽകിയിട്ടുള്ളത്. കരാറുകാരന്റെ അനാസ്ഥകൊണ്ട് പ്രവൃത്തികൾക്ക് കാലതാമസം നേരിട്ടിട്ടുണ്ടെങ്കിൽ അത്തരം പ്രവൃത്തികൾ പൂർത്തീകരിക്കാൻ നിലവിലുള്ള കരാർ റിസ്ക്ക് ആന്റ് കോസ്റ്റിൽ റദ്ദ് ചെയ്ത് റീടെണ്ടർ ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. ഗവൺമെന്റ് എടുത്ത ഈ തീരുമാനത്തിലൂടെ നിർമ്മാണപ്രവർത്തന രംഗത്തെ സ്തംഭനാവസ്ഥയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാനും നിർമ്മാണ പ്രവർത്തനങ്ങൾ

മന്നോട്ടുകൊണ്ടുപോകാനും സാധിച്ചിട്ടുണ്ട്. ടെണ്ടർ കമ്മിറ്റി അനുമതി കൊടുത്താൽ എത്രയുംവേഗം വർക്ക് ഇംപ്ലിമെന്റ് ചെയ്യാനുള്ള സാഹചര്യം ഉറപ്പുവരുത്തുന്നതിന് ഡിപ്പാർട്ട്മെന്റ് ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതാണ്. റേറ്റ് റിവിഷൻ വരുമ്പോൾ ക്വാണ്ടിറ്റിയിൽ മാറ്റം വരുന്നില്ല എന്നതുകൊണ്ട് നിരക്കിൽ വരുന്ന മാറ്റംകൂടി ക്രമീകരിച്ചുകൊണ്ട് പരമാവധി വേഗത്തിൽ പ്രവൃത്തി നടപ്പാക്കാനുള്ള സാഹചര്യം ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 140 നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.മാർ ശുപാർശ ചെയ്ത വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്വാളിറ്റി കൺട്രോൾ സിസ്റ്റമുണ്ടെങ്കിലും ജീവനക്കാരുടെ കുറവുൾപ്പെടെയുള്ള അപര്യാപ്തതകൾ കണക്കിലെടുത്തുകൊണ്ട് പരമാവധി ഉദ്യോഗസ്ഥരെ നിയോഗിക്കുകയും എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ തുടങ്ങാനുള്ള ക്രമീകരണം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.

**സബ്മിഷൻ**

(1) <u>ശ്രീ. കെ. വി. മനീഷിന് സാമ്പത്തിക സഹായം</u>

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: കണ്ണൂർ ജില്ലയിലെ അഴീക്കോട് സ്വദേശിയും നാഷണൽ സെക്യൂരിറ്റി ഗാർഡ് അംഗവും മുംബൈ ഭീകരാക്രമണത്തിൽ പരിക്കേറ്റ് മുംബൈയിലെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതുമായ ശ്രീ. കെ.വി. മനീഷിന് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനും അദ്ദേഹത്തിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): എൻ.എസ്.ജി. കമാൻഡോ വിഭാഗത്തിലെ ശ്രീ. കെ.വി. മനീഷിന്റെ ചികിത്സയ്ക്കും മറ്റുമുള്ള എല്ലാവിധ സഹായവും സർക്കാർ നൽകുന്നതാണ്.

(2) കുടുംബ പെൻഷൻ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയില്ലാത്ത ഒരു വിഭാഗം ജീവനക്കാർക്ക് സർവ്വീസ് ചട്ടപ്രകാരം സമാശ്വാസ പെൻഷനാണ് ലഭിക്കുന്നത്. ഇവർക്ക് സർവ്വീസ് ഗ്രാറ്റ്യൂറ്റി ക്ഷാമാശ്വാസം, കുടുംബ പെൻഷൻ എന്നിവയ്ക്ക് നിലവിലുള്ള ചട്ടപ്രകാരം അർഹതയില്ല. അഞ്ചാറു വർഷത്തെ സർവ്വീസിനുശേഷം വിരമിക്കേണ്ടിവരുന്ന ഈ വിഭാഗത്തിൽപ്പെട്ടവർക്കുകൂടി കുടുംബ പെൻഷൻ അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി എസ്. അച്ചുതാനന്ദൻ): കുറഞ്ഞത് പത്ത് വർഷത്തെ യോഗ്യതാ സേവനകാലമുള്ളവർക്കാണ് നിയമപ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ളത്. സർവ്വീസ് കാലയളവിന് ആനുപാതികമായിട്ടാണ് ഒരു നിശ്ചിത തുക സമാശ്വാസ പെൻഷനായി അനുവദിക്കുന്നത്. ഇത്തരം സമാശ്വാസ പെൻഷൻകാർക്ക് കുടുംബ പെൻഷനോ ക്ഷാമബത്തയോ അനുവദിച്ചിട്ടില്ല. ശമ്പളച്ചെലവിനോളംതന്നെ പെൻഷൻ ചെലവുകളും എത്തിക്കൊണ്ടിരിക്കുന്നതിനാൽ സംസ്ഥാനത്തിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ കൂടുതൽ ഉദാരമായ സമീപനം സ്വീകരിക്കാൻ നിർവ്വാഹമില്ല.

(3) വർക്കല റവന്യൂ ഡിവിഷൻ

ശ്രീ. വർക്കല കഹാർ: ധാരാളം തീർത്ഥാടകർ വന്നുപോകുന്ന വർക്കലയിൽ ബാബു പോൾ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

ഒരു റവന്യൂ ഡിവിഷണൽ ഓഫീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്ത് കണ്ണൂർ, കോഴിക്കോട്, തൃശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ വിസ്തൃതിയേറിയ റവന്യൂ സബ് ഡിവിഷനുകൾ വിഭജിക്കുന്നതിനെ സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് ഭരണതലത്തിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിയതിനുശേഷം തിരുവനന്തപുരം ജില്ലയിൽ ഒരു പുതിയ റവന്യൂ സബ് ഡിവിഷൻ സ്ഥാപിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്.

(4) കേന്ദ്രാവിഷ്കൃത പദ്ധതികൾ

ശ്രീ. പി. ജയരാജൻ: കേന്ദ്രവിഷ്കൃത പദ്ധതി നടത്തിപ്പിനുള്ള മാനദണ്ഡം കേരളത്തിന് അപ്രയോഗികമായതിനാൽ സംസ്ഥാനത്തിന്റെ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ടുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തണമെന്നുള്ള കാര്യം കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്തണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭിക്കുന്ന പണത്തിന്റെ 65 ശതമാനമാണ് സംസ്ഥാനത്ത് ചെലവഴിച്ചുകൊണ്ടിരുന്നതെങ്കിൽ 2007-08-ൽ 82.8 ശതമാനവും 2008 നവംബർ വരെ 38 ശതമാനവും ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. ഏറ്റവുംകൂടുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയുള്ള ഗ്രാമവികസന വകുപ്പിന്റെ കീഴിൽ രണ്ടര വർഷംകൊണ്ട് 74 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. എസ്.ജി.എസ്.വൈ, എസ്.ജി.ആർ.വൈ, ഐ.എ.വൈ തുടങ്ങിയ പദ്ധതികൾക്കുവേണ്ടി

യു.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ചെലവഴിച്ചതിനേക്കാളും കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. തൊഴിലുറപ്പു പദ്ധതിക്കുവേണ്ടി 65 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിൽ സംസ്ഥാനത്തിന് നൽകേണ്ട പണം കേന്ദ്ര സർക്കാർ നൽകുന്നില്ല. അർഹമായ വിഹിതം നേടിയെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്.

(5) മേപ്പാടി പോളിടെക്നിക്കിന്റെ ശോച്യാവസ്ഥ.

ശ്രീ. എം.വി. ശ്രേയാംസ്കുമാർ: മേപ്പാടി പോളിടെക്നിക്കിൽ ഒഴിഞ്ഞുകിടക്കുന്ന പ്രിൻസിപ്പാൾ, അക്കൗണ്ടന്റ്, ലക്ച്ചറർ എന്നീ തസ്തികകൾ നികത്തുന്നതിനും പോളിടെക്നിക് കെട്ടിടനിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): മേപ്പാടി പോളിടെക്നിക്കിൽ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് ഫോർമാൻ, അക്കൗണ്ടന്റ്, സാങ്കേതിക വിഷയങ്ങളിലെ മൂന്ന് ലക്ച്ചറർമാർ എന്നീ ഒഴിവുകളിൽ നിയമനം നടത്തിയിട്ടുണ്ട്. പൊതു വിഷയങ്ങളിലുള്ള നാല് ലക്ച്ചറർ തസ്തികയിൽ നിയമനം നടത്തുന്നതിന് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന പ്രിൻസിപ്പാൾ തസ്തികയിൽ രണ്ടുമാസത്തിനകം നിയമനം നടത്തുന്നതാണെന്ന് വകുപ്പു സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സെക്ഷൻ ഹെഡ്ഡിന്റെ ഒഴിവ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലാസ്റ്റ് ഗ്രേഡ് തസ്തിക നികത്തുന്നതിന് സ്ഥാപന മേധാവിക്കുതന്നെ നടപടി സ്വീകരിക്കാവുന്നതാണ്. കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതിനെക്കുറിച്ച് പരിശോധിച്ച് ആവശ്യമായ തീരുമാനം എടുക്കു

ന്നതാണ്. എം.പി. ഫണ്ടിൽനിന്നും 40 ലക്ഷം രൂപ ലഭ്യമാക്കി പഞ്ചായത്തിൽനിന്നും ലഭ്യമായ സ്ഥലത്ത് പ്രത്യേകമായ ബ്ലോക്ക് പണിയുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ഗവൺമെന്റ് ശ്രദ്ധ ചെലുത്തുന്നതാണ്.

(6) തീർത്ഥാടകർക്ക് പ്രാഥമിക സൗകര്യം

ശ്രീ. സി.പി. മുഹമ്മദ്: തൃത്താല നിയോജക മണ്ഡലത്തിലെ രായനല്ലൂർ മലയോടനുബന്ധിച്ചുള്ള ക്ഷേത്രത്തിൽ തീർത്ഥാടനത്തിനെത്തുന്നവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) രായനല്ലൂർ മലമുകളിലുള്ള ക്ഷേത്രം മലബാർ ദേവസ്വം ബോർഡിന്റെ കീഴിലല്ലാത്തതിനാൽ ക്ഷേത്ര വികസനത്തിന് നേരിട്ട് ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയില്ല. അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ സ്വകാര്യ ക്ഷേത്ര വ്യത്യാസമില്ലാതെ നൽകുന്ന ഫണ്ടിൽനിന്നും ക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്. പ്രസ്തുത ക്ഷേത്രം അനാഥമാകാതിരിക്കാൻ ഗവൺമെന്റ് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(7) കയർ മേഖലയുടെ പുനരുദ്ധാരണം

ശ്രീ. എ.എം. ആരീഫ്: പരമ്പരാഗത വ്യവസായ മേഖലയായ കയർ മേഖലയെ പുനരുദ്ധരിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന ഗവൺമെന്റ് നിയോഗിച്ച കയർ കമ്മീഷന്റെ ശുപാർശയും 'റിസർച്ച് അജണ്ട ഓൺ കേരള കയർ' എന്ന ശിൽപ്പശാലയിലെ

നിർദ്ദേശങ്ങളും കൂടി കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് കൂടി സഹകരിച്ച് കയർ മേഖലയെ രക്ഷിക്കാൻ നടപടി സ്വീകരിക്കണം

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) കയർ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കയർമേഖലയിൽ വരുത്തേണ്ട അടിസ്ഥാനപരമായ മാറ്റങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകളെ സംബന്ധിച്ച് ആലപ്പുഴയിലെ പ്രത്യേക സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി സംസ്ഥാനതല ശിൽപ്പശാലയും തുടർന്ന് കൊല്ലം, കോഴിക്കോട് തുടങ്ങിയ മേഖലകളിലും ശിൽപ്പശാല നടത്തുന്നുണ്ട്. 2009-10-ലേയ്ക്കുള്ള ആനുവൽ പ്ലാനിൽ കയർ മേഖലയ്ക്ക് സാധാരണ മാറ്റിവയ്ക്കുന്ന തുകയ്ക്കു പുറമേ 170 കോടി രൂപ കൂടി ആവശ്യപ്പെട്ടിട്ടുണ്ട്. കയർ മേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നതാണ്.

(8) കുട്ടനാട് പാക്കേജിന്റെ ഭാഗമായ പ്രോജക്ട്

ശ്രീ. കെ.കെ. ഷാജു: ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ശുപാർശകൾക്ക് ഊന്നൽ നൽകിക്കൊണ്ട് വിശാല കുട്ടനാട് ഉൾപ്പെടുന്ന ഓണാട്ടുകര മേഖലയ്ക്ക് പ്രാധാന്യം നൽകി യുദ്ധകാലാടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) ഡോ. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ റിപ്പോർട്ടിലെ ശുപാർശ പ്രകാരം പാടശേഖരങ്ങളിലെ അടിസ്ഥാന വികസനവുമായി ബന്ധപ്പെടുത്തി 112.23 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ശേഷിച്ച പാടശേഖരങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപടിക്രമ ങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഓണാട്ടുകര, കുട്ടനാട് മേഖലകളെക്കൂടി ഉൾപ്പെ ടുത്തി ഓണാട്ടുകര, തുറവൂർ, പട്ടണക്കാട് മേഖലയിലുള്ള നദികൾ, തോടുകൾ, ജലാശയങ്ങൾ എന്നിവയുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രോജക്ട് തയ്യാറാക്കുന്നതിന് താൽപ്പര്യവും യോഗ്യതയുമുള്ള ഏജൻസിയെ കണ്ടെത്തി. അവരെക്കൊണ്ട് പ്രോജക്ട് തയ്യാറാക്കുന്നതിനാണ് ഉദ്ദേശിക്കു ന്നത്.

(9) <u>മരംകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധിയും ഇൻഷ്വറൻസും</u>

<u>ശ്രീ. ബി. രാഘവൻ:</u> സാഹസികവും അപകടകരവുമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മരം കയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധിയും ഇൻഷ്വ റൻസും ആരോഗ്യസുരക്ഷയും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> തൊഴിൽ സുരക്ഷിതത്വം വളരെ കുറവായ മരംകയറ്റത്തിനിടയിൽ അപകട ത്തിൽപ്പെടുന്നവർക്കും അവരുടെ കുടുംബങ്ങൾക്കും നൽകിവരുന്ന എക്സ്ഗ്രേഷ്യാ സഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. മരംകയറ്റത്തൊഴിലാളികളുടെ സംരക്ഷണത്തിനും കുടുംബ ഭദ്രതയ്ക്കും ആവശ്യമായിട്ടുള്ള ക്ഷേമപദ്ധതി കൾ നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കുന്ന താണ്.

(10) <u>ആയുർവേദ ഔഷധ നിർമ്മാതാക്കൾ നേരിടുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള:</u> ആയുർവ്വേദ ഔഷധങ്ങൾ ഉൽപ്പാദിപ്പി ക്കാൻ എൽ.2 ലൈസൻസ് ലഭ്യമായവർക്ക് അത് വിപണനം ചെയ്യുന്നതിന് എസ്.പി.7 ലൈസൻസ് കൂടി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ആൾക്കഹോൾ അടങ്ങിയ എല്ലാ ആയുർവേദ മരുന്നുകളും സ്പിരിച്ചസ് പ്രിപ്പറേഷൻസാണ്. ഇത്തരത്തിലുള്ള മരുന്നുകൾ ലൈസൻസോ പെർമിറ്റോ ഇല്ലാതെ കൈവശം വയ്ക്കുന്നതും വിൽപ്പന നടത്തുന്നതും 1969-ലെ കേരള സ്പിരിച്ചസ് പ്രിപ്പറേഷൻ കൺട്രോൾ റൂൾസ്-10 പ്രകാരം കുറ്റകരമാണ്. 3-1-2008-ലെ ഹൈക്കോടതി വിധിപ്രകാരം പ്രസ്തുത റൂൾസ്-11 അനുസരിച്ച് ലൈസിൻസില്ലാത്ത ആർക്കും തന്നെ ആൾക്കഹോൾ അടങ്ങിയ മരുന്നുകൾ കൈവശം വയ്ക്കുന്നതിനോ വിൽപ്പന നടത്തുന്നതിനോ അർഹതയില്ല. നിലവിലുള്ള നിയമപ്രകാരം ആയുർവേദ മരുന്നുകൾ എസ്.പി.7 ലൈസൻസ് ഇല്ലാതെ വിൽപ്പന നടത്താൻ അനുവദിക്കാൻ നിർവ്വാഹമില്ല. എക്സൈസ് വകുപ്പും ആരോഗ്യവകുപ്പുമായി ആലോചിച്ച് പ്രസ്തുത പ്രശ്ന പരിഹാരത്തിനായി പരമാവധി പരിശ്രമിക്കുന്നതാണ്.

(11) തൃക്കണ്ണാപുരം പൂഴിക്കുന്ന് റോഡിന്റെ പുനരുദ്ധാരണം

ശ്രീ എൻ. ശക്തൻ: തൃക്കണ്ണാപുരം പൂഴിക്കുന്ന് പാലത്തിന്റെ ഒരു ഭാഗത്തേയ്ക്കുള്ള അപ്രോച്ച് റോഡ് മാത്രമേ പൂർത്തിയായിട്ടുള്ളൂ. മറു ഭാഗത്തെ അപ്രോച്ച് റോഡിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കുന്ന തിന് നടപടിയുണ്ടാകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): തൃക്കണ്ണാപുരം പാലത്തിന്റെ ഒരു ഭാഗത്തേയ്ക്കുള്ള അപ്രോച്ച് റോഡിനാവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുക്കുകയും പുതുക്കിയ നിരക്കനുസരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ അപര്യാ പ്തത കൊണ്ടാണ് ഭരണാനുമതി ലഭിക്കാൻ താമസമുണ്ടായത്. പാലം ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ധനകാര്യ

വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(12) തൃശൂർ-വാടാനപ്പിള്ളി ഹൈവേ നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: തൃശൂർ ജില്ലയിലെ മണലൂർ-നാട്ടിക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുന്നതിനായി സർവ്വേ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തി അക്വിസിഷൻ നടപടികൾ അടിയന്തിരമായി ആരംഭിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): എൻ.എച്ച്. 47, എൻ.എച്ച്. 17 എന്നീ ദേശീയപാതകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തൃശൂർ-വാടാനപ്പിള്ളി റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുന്നതിന് സർവ്വേ നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിനു വേണ്ടി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തി സ്ഥലമെടുപ്പിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(13) അമരവിള-കളിയിക്കാവിള റീച്ച് വികസനം

ശ്രീ. ആർ. സെൽവരാജ്: അമരവിള മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാത വികസിപ്പിക്കുന്നതിനും, പാറശ്ശാല ജംഗ്ഷനിൽ തിരക്ക് കാരണം വാഹനഗതാഗതം സ്തംഭിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനും വേണ്ടി അടിയന്തിരമായി റോഡ് റീ-ടാർ ചെയ്ത് ഓടകൾ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): അമരവിള മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം എൻ.എച്ച്-47-ന്റെ ഭാഗമാണെങ്കിലും

നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ തയ്യാറാക്കിയിരിക്കുന്ന ദേശീയപാത വികസന പദ്ധതിയിൽ കഴക്കൂട്ടം ജംഗ്ഷനിൽ നിന്നാരംഭിച്ച് കോവളം വഴി സംസ്ഥാനാതിർത്തിയായ കളിയിക്കാവിളയിൽ അവസാനി ക്കുന്ന നിലയിലാണ് റോഡ് വിഭാവനം ചെയ്തിട്ടുള്ളത്. അതുകൊണ്ട് അമര വിള മുതൽ കളിയിക്കാവിള വരെയുള്ള റോഡിന്റെ ഉപരിതലം പുതുക്കുന്ന തിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഉപരിതല മന്ത്രാലയത്തിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയൂ. റോഡ് അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്ന താണ്.

(14) <u>ഇരട്ടക്കുട്ടികളുടെ മരണം</u>

<u>ശ്രീ. എൻ. അനിരുദ്ധൻ:</u> ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നെടുങ്ങോലം ലക്ഷ്മി വില്ലയിൽ ബൈജുവിന്റെ ഭാര്യ രമ്യയുടെ ഇരട്ടക്കുട്ടി കൾ മരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് അന്വേഷണം നടത്തി ആശുപത്രി അധികൃതർക്കും ഡോക്ടർമാർക്കുമെതിരെ നരഹത്യയ്ക്ക് കേസ്സെടുക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> പ്രസ്തുത പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രമ്യയുടെ പിതാവായ ശ്രീ. സോമൻ പിള്ളയുടെ പരാതി പ്രകാരം രമ്യയെ ചികിത്സിച്ച സമയത്ത് ആശുപത്രിയിലുണ്ടായിരുന്ന ഡോക്ടർമാർക്കെതിരെ ഇൻഡ്യൻ ശിക്ഷാ നിയമമനുസരിച്ച് പേരൂർക്കട പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറവുചെയ്തിരുന്ന

രണ്ട് മൃതദേഹങ്ങളും പുറത്തെടുത്ത് 14-ാം തീയതി രമ്യയുടെ വീട്ടിൽ വച്ച് കൊല്ലം ആർ.ഡി.ഒ ഇൻക്വസ്റ്റും തിരുവനന്തപുരം മെഡിക്കൽകോളേജിലെ പോലീസ് സർജൻ പോസ്റ്റ്മോർട്ടവും നടത്തിയിട്ടുണ്ട്. പെൺകുഞ്ഞിന്റെ തലച്ചോറിൽ രക്തം കട്ടപിടിച്ചാണ് മരണമുണ്ടായതെന്നും ആൺകുട്ടിയുടെ മരണ കാരണം ഹിസ്റ്റോപത്തോളജി ഡിപ്പാർട്ടുമെന്റിന്റെ പരിശോധനാഫലം ലഭിച്ചാൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂവെന്നും പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർ വ്യക്തമാക്കിട്ടുണ്ട്. കേസ്സന്വേഷണം കന്റോൺമെന്റ് പോലീസ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഊർജ്ജിതമായി നടത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(15) <u>മൊബൈൽ സിം കാർഡുകളുടെ ദുരുപയോഗം</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> ബേസിക് സെക്യൂരിറ്റിയെ ബാധിക്കുന്നു എന്നതുകൊണ്ട് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് മൊബൈൽ കമ്പനി കൾ സിം കാർഡ് ഇഷ്യൂ ചെയ്യുന്നത് എന്ന് ഉറപ്പുവരുത്താൻ സത്വര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: മൊബൈൽ ഫോണിന്റെ സേവനദാതാക്കൾ പ്രത്യേകിച്ച് സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവർ കൃത്യമായ മാനദണ്ഡങ്ങളില്ലാതെ സിം കാർഡുകൾ വിതരണം ചെയ്തുവരുന്നതായി അടുത്തകാലത്തെ ചില സംഭവങ്ങൾ വ്യക്തമാക്കുന്നു. ഉപഭോക്താക്കളുടെ പൂർണ്ണമായ വിവരങ്ങൾ അന്വേഷിച്ചറിയാതെ വളരെ ലാഘവത്തോടുകൂടി സിം കാർഡുകൾ വിതരണം ചെയ്യുന്നതുവഴി പലപ്പോഴും സാമൂഹിക വിപത്തിന് വഴിയൊരു ക്കുന്നുണ്ട്. സിം കാർഡിന്റെ ദുരുപയോഗം കണ്ടുപിടിക്കുന്നതിനായി ജില്ലാ

തലത്തിൽ സൈബർ ക്രൈം എൻക്വയറി സെല്ലുകളും സംസ്ഥാനതല ഏജൻസിയായി പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ഹൈടെക് ക്രൈം എൻക്വയറി സെല്ലും പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പ്രശ്നം ഗവൺമെന്റ് വളരെ ഗൗരവമായിട്ടെടുക്കുന്നതാണ്.

(16) തൊഴിലാളികൾക്ക് വി.ആർ.എസ്. ആനുകൂല്യം

ശ്രീ. കെ.ടി. ജലീൽ: പൂട്ടിക്കിടക്കുന്ന കുറ്റിപ്പുറത്തെ കെ.എസ്.ഡി.സി. യിലെ തൊഴിലാളികൾക്ക് വി.ആർ.എസ്. ആനുകൂല്യം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ എളമരം കരീം) :എട്ടുവർഷമായി പൂട്ടിക്കിടക്കുന്ന കെ.എസ്.ഡി.സി.യിലെ ജീവനക്കാർക്ക് വി.ആർ.എസ് കൊടുക്കുന്നതിനുവേണ്ടി 5-10-2004-ന് സർക്കാർ ഉത്തരവിടുകയുണ്ടായി. എന്നാൽ അനുവദിച്ച പാക്കേജ് അപര്യാപ്തമാണെന്ന് തൊഴിലാളികൾ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയ പാക്കേജ് തയ്യാറാക്കുകയും തൊഴിലാളികളുടെ വി.ആർ.എസ് ആനുകൂല്യങ്ങളായ ഗ്രാറ്റിവിറ്റി, പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. എന്നിവയ്ക്കായി 359.57 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് ഈ പ്രശ്നത്തിന് തീർപ്പുണ്ടാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. സാങ്കേതികമായ പ്രശ്നങ്ങൾ ഉള്ളതിനാലും കമ്പനിയുടെ പുനരുദ്ധാരണം അസാദ്ധ്യമായതിനാലും ഈ കമ്പനിയുടെ മെഷിനറിയും പ്ലാന്റും സ്ഥലവും ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കടബാദ്ധ്യത തീർക്കണമെന്ന നിബന്ധനയോടെ കിൻഫ്രായ്ക്ക് പാട്ടത്തിന് നൽകാവുന്നതാണെന്നുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(17) അദ്ധ്യാപക നിയമനം

ശ്രീ. പി..സി. വിഷ്ണുനാഥ്: സംസ്ഥാനത്ത് ഹയർ സെക്കന്ററി അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റാക്കറ്റിനെ തടയാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി:): ഹയർ സെക്കന്ററി പഠന സൗകര്യം വിപുലീകരിക്കുന്നതിന്റെ ഭാഗമായി, പഠനസൗകര്യം പരിമിതമായ മലബാർ മേഖലയിൽ 26,000 സീറ്റുകൾ വർദ്ധിപ്പിക്കുകയും ആവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്ന തിനും ഒഴിവുകൾ നികത്തുന്നതിനും പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ധ്യാപകരെ പോസ്റ്റ് ചെയ്യുന്നതിൽ ന്യായരഹിതമായ കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ അന്വേഷിച്ച് കർശന നടപടി സ്വീകരിക്കും. ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളെക്കുറിച്ച് ആഭ്യന്തര വകുപ്പ് അന്വേഷിച്ച് റിപ്പോർട്ട് തരുന്ന മുറയ്ക്ക് ഉചിതവും മാതൃകാപരവു മായ നടപടികൾ സ്വീകരിക്കുന്നതാണ്.

(18) ഹിൽ പാലസിന്റെ പുനരുദ്ധാരണം

ശ്രീ. എം.ജെ. ജേക്കബ്: കാലപ്പഴക്കംകൊണ്ട് നാശം സംഭവിച്ചു കൊണ്ടിരിക്കുന്ന പുരാവസ്തു മ്യൂസിയമായ തൃപ്പൂണിത്തുറ ഹിൽപ്പാല സിന്റെ നിർമ്മാണപ്രവർത്തനം എത്രയും വേഗം പൂർത്തീകരിക്കണം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പന്ത്രണ്ടാം ധനകാര്യകമ്മീഷന്റെ ഭാഗമായി നേടിയെടുത്തിട്ടുള്ള ഏഴരക്കോടിയോളം രൂപ ഉപയോഗിച്ച് പ്രസ്തുത കെട്ടിടവും കൊട്ടാര സമുച്ച യവും അനുബന്ധ കെട്ടിടങ്ങളും ശാസ്ത്രീയമായി സംരക്ഷിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പണം സമയ

ബന്ധിതമായി ചെലവഴിക്കുന്നുണ്ടോ എന്ന് മോണിട്ടർ ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതാണ്.

(19) പാഠപുസ്തകത്തിലെ അപാകതകൾ

ശ്രീ. കെ. സി. വേണുഗോപാൽ: ഏഴാം ക്ലാസ്സിലെ പാഠപുസ്തക വിവാദവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട ഡോ. കെ. എൻ. പണിക്കരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ റെക്കമെന്റേഷൻസ് ഫലപ്രദമായി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : പാഠപുസ്തക വിവാദത്തെ സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി നിയോഗി.ച്ചിരിക്കുന്ന ഡോ. കെ.എൻ.പണിക്കർ ചെയർമാനായ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് കരിക്കുലം കമ്മിറ്റിയുടെ സ്റ്റിയറിംഗ് കമ്മിറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശുപാർശകൾ നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(20) വാഹനാപകടം ക്രൈം ബ്രാഞ്ച് അന്വേഷിക്കണം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. പി.സി. വിഷ്ണുനാഥും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. കെ.സി. രാജഗോപാലൻ: ചെങ്ങന്നൂർ-മണ്ണങ്കാവ് എം.സി. റോഡിൽ വാഹനം കയറിയിറങ്ങി മൂന്ന് യുവാക്കൾ മരിച്ച സംഭവം ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണം.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 18-8-2008-ന് ആലപ്പുഴ ചെങ്ങന്നൂർ പോലീസ് സ്റ്റേഷൻ

പരിധിയിലെ പഴവന പാലത്തിനുസമീപം നടന്ന അപകടത്തിൽ മൂന്ന് യുവാക്കൾ മരിച്ച സംഭവത്തെ സംബന്ധിച്ച് ചെങ്ങന്നൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചെങ്ങന്നൂർ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നുണ്ട്. ആവശ്യമാണെങ്കിൽ മറ്റ് ഏജൻസികളെ അന്വേഷണ ച്ചുമതല ഏൽപ്പിക്കുന്നതാണ്.

(21) <u>110 കെ. വി. ലൈൻ ഭൂമിക്കടിയിലൂടെ സ്ഥാപിക്കണം</u>

<u>ശ്രീ. എം.എ. വാഹീദ്</u>: കഴക്കൂട്ടം റയിൽവേ സ്റ്റേഷനിലേയ്ക്കുള്ള 110. കെ.വി. ലൈൻ അണ്ടർഗ്രൗണ്ട് കേബിളാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ):</u> ടെലിഫോൺ പൈപ്പുകൾ, കുടിവെള്ള പൈപ്പുകൾ, ഡ്രെയിനേജ് പൈപ്പുകൾ തുടങ്ങിയ തടസ്സങ്ങൾ മൂലം പ്രസ്തുത സ്ഥലത്ത് യു.ജി. കേബിൾ ഇടുന്നതിന് പ്രയാസമുണ്ട്. ബി.എസ്.എൻ.എൽ അടക്കമുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ബദൽ സംവിധാനങ്ങൾ രൂപപ്പെടുത്തിക്കൊണ്ട് അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സാദ്ധ്യമാണെന്നുകണ്ടാൽ റയിൽവേയുടെ ചെലവിൽ 110 കെ.വി ലൈൻ യുജി. കേബിൾ ആക്കി മാറ്റുന്നതുമാണ്.

(22) <u>ഹജ്ജ്കർമ്മം കഴിഞ്ഞ് മടങ്ങുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി:</u> വിദേശകാര്യ വകുപ്പിന്റേയും എയർ ഇൻഡ്യയുടേയും അനാസ്ഥമൂലം പരിശുദ്ധ ഹജ്ജ് കർമ്മം കഴിഞ്ഞുവരുന്ന ആയിരക്കണക്കിന് ഹജാജിമാർ ദുരിതമനുഭവിക്കുകയാണ്. ജിദ്ദ വിമാനത്താവളത്തിൽ അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല..

കോഴിക്കോട് അടക്കമുള്ള അഞ്ച് സ്ഥലങ്ങളിലേയ്ക്കുള്ള വിമാനം റദ്ദ് ചെയ്തിരിക്കുകയാണ്. ഈ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെട്ട് കൂടുതൽ വിമാന സർവ്വീസുകൾ ഏർപ്പെടുത്താൻ തയ്യാറാകണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലോളി മുഹമ്മദ് കുട്ടി): ഹജ്ജ് കഴിഞ്ഞ് ഹജാജിമാരുടെ മടക്കയാത്ര ഡിസംബർ 13 മുതൽ ആരംഭിച്ച് 2009 ജനുവരിയിൽ പൂർത്തിയാകുമെന്നാണ് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചിട്ടുള്ളത്. വിമാനത്തിൽ വന്ന ഹജാജിമാരുടെ മുഴുവൻ ലഗേജും അവരോടൊപ്പം എത്തിയിട്ടില്ല. ഹജാജിമാരുടെ എയർ ഇൻഡ്യയിലെ യാത്ര സംബന്ധമായ മുഴുവൻ ബാദ്ധ്യതകളും എയർ ഇൻഡ്യ യാണ് കേന്ദ്ര ഹജ്ജ് കമ്മിറ്റിയെ ഏൽപ്പിച്ചിട്ടുള്ളത്. പ്രഖ്യാപിത സമയക്രമം ഉറപ്പുവരുത്തേണ്ട ബാദ്ധ്യത കേന്ദ്രവിദേശ കാര്യ മന്ത്രാലയത്തിനും കേന്ദ്ര ഹജ്ജ് കമ്മിറ്റിക്കുമാണ്. തെറ്റിയ വിമാനഷെഡ്യൂൾ ക്രമവൽക്കരിക്കുന്നതിന് ഒരു അധിക ട്രിപ്പ് കൂടി അനുവദിച്ചാൽ ജിദ്ദ വിമാനത്താവളത്തിലെ ഹാജിമാരുടെ പ്രയാസങ്ങൾ ദുരീകരിക്കാൻ കഴിയും. തുടർന്ന് പ്രഖ്യാപിച്ചിട്ടുള്ള രണ്ടു ഷെഡ്യൂളുകളിൽ മാറ്റം വരാതെ ശ്രദ്ധിക്കണമെന്ന് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(23) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരമുള്ള റോഡ് നിർമ്മാണം

ശ്രീ. തോമസ് ചാണ്ടി: കുട്ടനാടൻ പ്രദേശങ്ങളിൽ പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരമുള്ള റോഡുകൾ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): PMGSY പദ്ധതിയിലുൾപ്പെടുത്തുന്നതിന് കുട്ടനാട്ടിൽ നിന്നും നാല് റോഡുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള അപേക്ഷകൾ ലഭിച്ചെങ്കിലും ചില റോഡുകൾ കോർനെറ്റ് വർക്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും മറ്റുള്ള റോഡുകൾക്ക് എട്ടു മീറ്റർ വീതിയില്ലാത്തതിനാലും പദ്ധതിയിലുൾപ്പെടുത്താൻ സാധിച്ചിട്ടില്ല. കുട്ടനാട് നിയോജകമണ്ഡലത്തിൽ 2000-01 മുതൽ 2006-07 വരെ അനുവദിച്ചിരുന്ന 16 പ്രവൃത്തികളിൽ 3 എണ്ണം പൂർത്തിയായി. 8 പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ആറാം ഘട്ടത്തിലുൾപ്പെട്ട 5 പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ തുടങ്ങാനായിട്ടില്ല. ഇവ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് ഏഴാം ഘട്ടത്തിലുൾപ്പെട്ട ചമ്പക്കുളം ബ്ളോക്കിലെ നാല് റോഡുകളുടേയും വെളിയനാട് ബ്ളോക്കിൽപ്പെട്ട അഞ്ചു റോഡുകളുടേയും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(24) കാർഷിക മേഖലയിൽ വിച്ഛേദിച്ച വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കൽ

ശ്രീ. കെ. പി. മോഹനൻ: വിച്ഛേദിച്ച കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കണം. കാർഷിക മേഖലയിലെ വിദഗ്ദ്ധരായ കർഷകത്തൊഴിലാളികളെ ആദരിക്കണം. ജലസംരക്ഷണം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തോടുകളുടേയും പുഴകളുടേയും ഭിത്തികെട്ടി സംരക്ഷിക്കണം. കാർഷിക വികസന മേഖലയിൽ പുതിയ

പ്രോത്സാഹനങ്ങൾ നൽകി കൃഷി വികസിപ്പിക്കണം. പെരിങ്ങളം നിയോജകമണ്ഡലത്തിൽ ഒരു കാർഷിക വികസന സമിതിയുണ്ടാക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ.മുല്ലക്കര രത്നാകരൻ): ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് 2008-09-ൽ കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കർഷകത്തൊഴിലാളികളെ ആദരിക്കുന്നത് ജില്ലാതലത്തിൽകൂടി വ്യാപിപ്പിക്കുന്നതിനും ഈ മേഖലയിലെ മറ്റു പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കും.

**റിപ്പോർട്ട് സമർപ്പണം**

1. ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
2. പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
3. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
4. പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിയെട്ടു മുതൽ എൺപത്തിമൂന്നു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കിന്റെയും സഹകരണമേഖലയിലുള്ള ബെയ്സ് ചുരുക്കിക്കൊണ്ടുവന്ന് സർവ്വീസ് സഹകരണ ബാങ്കുകളുടെ മാത്രം അപ്പെക്സ് സംഘടനയാക്കി സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കിനെയും മാറ്റുന്ന ഒരു ഭേദഗതി ബിൽ എന്ന നിലയിലാണ് ഇതിനെ എതിർക്കുന്നത്. സഹകരണ സ്ഥാപനങ്ങളെ നോക്കിനടത്തുന്നതിന് ഇത്രയേറെ വലിയ ഒരു വകുപ്പിന്റെ ആവശ്യമുണ്ടോ എന്നുള്ളത് പരിശോധിക്കണം. തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി നിയോഗിക്കുന്ന സഹകരണ വകുപ്പിലെയും സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് അനുവദിക്കുന്ന തുകയെ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥ ഉണ്ടാക്കുകയും ഈ രംഗത്ത് നടക്കുന്ന അഴിമതി അവസാനിപ്പിക്കുകയും ചെയ്യണം. കാർഷിക കടാശ്വാസ കമ്മീഷൻ തീർപ്പാക്കിയ മുഴുവൻ തുകയും കൊടുക്കുന്നതിനുവേണ്ട ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും വയനാട് ജില്ലയിൽ മാത്രമാണ് 14.2 കോടി രൂപ വിതരണം ചെയ്തിട്ടുള്ളത്. കേന്ദ്രം പ്രഖ്യാപിച്ച ARDR പദ്ധതി പ്രകാരം 1600 കോടി

രൂപ ആദ്യ ഇൻസ്റ്റാൾമെന്റായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിദർഭ പാക്കേജ് അനുസരിച്ച് 1-7-2006 വരെയുള്ള കുടിശ്ശിക ഇന്ററസ്റ്റാണ് കേന്ദ്ര സർക്കാർ നൽകിയത്. വിദർഭ പാക്കേജ് അനുസരിച്ചുള്ള ആനുകൂല്യങ്ങൾ പരമാവധി നേടിയെടുക്കാൻ ശ്രമിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കർഷകരുടെ വായ്പ എഴുതിത്തള്ളുന്നതിനും അവർക്ക് ആശ്വാസം കൊടുക്കുന്നതിനുമായി പ്രഖ്യാപിച്ച പദ്ധതിപ്രകാരമുള്ള കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. കേരളത്തിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സഹകരണം, മൃഗസംരക്ഷണം, കൃഷി, ഇറിഗേഷൻ എന്നീ വകുപ്പുകളുമായി ചേർന്ന് കൂട്ടായ പരിശ്രമം നടത്തണം. സഹകരണ മേഖലയിൽ റബ്കോയ്ക്ക് മാത്രമാണ് ഗവൺമെന്റ് ഗ്യാരന്റിയിന്മേൽ എൻ.സി.ഡി.സി വായ്പ കൊടുക്കാൻ തീരുമാനിച്ചത്. രാജ്യത്താകമാനം പ്രോജക്ടുകൾ കൊടുക്കാൻ എൻ.സി.ഡി.സി തയ്യാറാണെങ്കിലും റബ്കോയൊഴിച്ച് മറ്റൊരു സ്ഥാപനത്തിന്റെയും ഒരു പ്രോജക്ടും സഹകരണ വകുപ്പ് അംഗീകരിച്ച് എൻ.സി.ഡി.സി-യ്ക്ക് കൊടുത്തിട്ടില്ല. അത് സംബന്ധിച്ച് ഒരു പുനർചിന്ത നടത്തണം. സഹകരണ മേഖലയിലെ പെൻഷൻ ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച് അന്വേഷണം നടത്തണം. പെൻഷൻ ബോർഡിൽ ഏതെങ്കിലും ഒരു സഹകരണ സ്ഥാപനത്തിൽനിന്നും പണം കൊടുക്കുന്നതിന് കുടിശ്ശിക വരുത്തിയാൽ 24 ശതമാനമാണ് പലിശ ഈടാക്കുന്നത്. സഹകരണ സ്ഥാപനങ്ങളുടെ ജനാധിപത്യ അടിത്തറ ഇല്ലാതാക്കുന്ന നിയമഭേദഗതിയാണിത് .

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഹകരണ സ്ഥാപനങ്ങൾക്ക് ഒട്ടേറെ ദോഷഫലങ്ങൾ ഉളവാക്കുന്ന ഒരു ഭേദഗതി ബില്ലാണിത്. കാലഘട്ടത്തിനനുസൃതമായി മാറ്റം സഹകരണ മേഖലയിൽ ഉണ്ടാകുന്നില്ല എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. സഹകരണ ബാങ്കുകളുടെ നടത്തിപ്പ് രാഷ്ട്രീയമായ ഇടപെടൽമൂലം ശരിയായ രീതിയിൽ മുന്നോട്ടുപോകുന്നില്ലെന്നാണ് കേന്ദ്ര സർക്കാർ നിയമിച്ച കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്നത്. ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. കേന്ദ്ര വിഹിതം ലഭ്യമാകാനുള്ള സാഹചര്യങ്ങളെക്കുറിച്ചാണ് വിദർഭ പാക്കേജിൽ പറയുന്നത്. വിദർഭ പാക്കേജിൽനിന്നും വ്യത്യസ്തമല്ല വൈദ്യനാഥൻ കമ്മീഷൻ ശുപാർശകൾ. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ സഹകരണമേഖലയ്ക്ക് സ്വീകാര്യമായ വ്യവസ്ഥകളില്ലെന്ന് പറഞ്ഞ് തള്ളിക്കളഞ്ഞതിന്റെ അനന്തരഫലങ്ങളാണ് ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ന്യൂ ജനറേഷൻ ബാങ്കുകൾക്ക് അസൂയാവഹമായ വളർച്ചയാണുണ്ടായിരിക്കുന്നത്. അത്യന്താധുനിക സാങ്കേതിക സൗകര്യങ്ങളുണ്ടാക്കി സഹകരണ പ്രസ്ഥാനത്തെ ജനങ്ങളിലേയ്ക്ക് ആകർഷിപ്പിക്കാൻ കഴിയണം. സഹകരണപ്രസ്ഥാനങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. സഹകരണ മേഖലയിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണം. ജനറൽബോഡി യോഗം വർഷത്തിലൊരിക്കലെങ്കിലും കൂടാൻ നടപടി സ്വീകരിക്കണം. ആഡിറ്റിംഗ് കാര്യക്ഷമമാക്കുകയും ആഡിറ്റിംഗ് കഴിഞ്ഞാൽ അപ്പീലിനുള്ള അവസരമുണ്ടാക്കുകയും വേണം. പുതിയ ബാങ്കിംഗ് സമ്പ്രദായ

ത്തിനനുസരിച്ച് ആഡിറ്റിംഗ് മാനുവൽ പരിഷ്ക്കരിക്കണം. സഹകരണ പ്രസ്ഥാനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സർക്കാരിന്റെ വിവിധ ഫണ്ടുകൾ സഹകരണമേഖലയിൽ നിക്ഷേപിക്കണം. നാടിനുതകുന്ന രീതിയിൽ സ്ഥായിയായ ഒരു സംവിധാനമാക്കി സഹകരണപ്രസ്ഥാനത്തെ നിലനിറുത്താനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരണം.

ശ്രീ. മുരളി പെരുനെല്ലി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ കാർഷിക ദർശനത്തിനും അതിന്റെ നിയന്ത്രണത്തിനുമായി 1969-ലെ കേരള സഹകരണസംഘം ആക്ടിലെ ജില്ലാ സഹകരണ ബാങ്കിന്റെയും അർബൺ സഹകരണ ബാങ്കിന്റെയും നിർവ്വചനത്തിൽ ഭേദഗതി വരുത്തുന്നതിനും പ്രാഥമിക സഹകരണസംഘത്തിന്റെ നിർവ്വചനം കൂട്ടിച്ചേർക്കുന്നതിനും സഹകരണ ആഡിറ്റ് ഡയറക്ടർ ആഡിറ്റ് നടത്തേണ്ട രീതി നിർണ്ണയിക്കുന്നതിനും സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതി. കേരളത്തിലെ സഹകരണ മേഖലയിലെ ജനാധിപത്യ സ്വഭാവത്തെ ശക്തിപ്പെടുത്താനും അതിനെ മുന്നോട്ടുകൊണ്ടുപോകാനും ലക്ഷ്യമിട്ടിട്ടുണ്ട്. സംഘങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് ജില്ലാ ബാങ്കിന്റെ ഭരണം പിടിച്ചെടുക്കുന്ന നടപടികളാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്നത്. യഥാർത്ഥ സഹകാരികൾക്ക് വോട്ടവകാശം കൊടുത്തുകൊണ്ട് സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടത്താനും അതിന്റെ അടിത്തറ വിപുലീകരിക്കാനുമാണ് ഈ ഭേദഗതിയിലൂടെ ഗവൺമെന്റ് ശ്രമിക്കുന്നത്.

കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി റിസർവ്വ് ബാങ്കിന്റെ അംഗീകാരമുള്ള സംഘങ്ങൾ എന്ന നിലയിൽ ഭരണഘടനാപരമായ ഒരു സ്ഥാപനമായി അർബൺ സഹകരണ ബാങ്കുകളെ മാറ്റുന്നകാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കൃത്യമായി ആഡിറ്റിംഗ് നടത്തുക എന്നത് സഹകരണമേഖലയെ ശക്തിപ്പെടുത്താൻ അത്യന്താപേക്ഷിതമാണ്. സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിൽ യു.ഡി.എഫ്-ന്റെ കാലത്ത് വൻതോതിൽ അഴിമതികൾ നടക്കുകയുണ്ടായി. യാതൊരു മാനദണ്ഡവുമില്ലാതെ സഹകരണ ചട്ടങ്ങളെ കാറ്റിൽപ്പറത്തിക്കൊണ്ട് സ്വാകാര്യ ബാങ്കുകളിൽ പണം നിക്ഷേപിക്കുന്ന സമ്പ്രദായമായിരുന്നു അന്നുണ്ടായിരുന്നത്. ജനാധിപത്യ സംവിധാനത്തിൽക്കൂടി സഹകരണമേഖലയെ മുന്നോട്ടുകൊണ്ടുപോകാനാണ് ഈ ഭേദഗതിയിലൂടെ ഗവൺമെന്റ് ശ്രമിക്കുന്നത്. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ രാഷ്ട്രീയ പകപോക്കലിന്റെ വേദികളായി മാറാൻ പാടില്ല. കാർഷിക മേഖലയ്ക്ക് പ്രയോജനപ്രദമായ രീതിയിൽ സഹകരണ ബാങ്കുകൾ മുന്നോട്ടുവരണം. ഇന്ത്യയ്ക്കാകെ മാതൃകയായ സഹകരണ പ്രസ്ഥാനത്തെ പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി എന്തുകൊണ്ടും സ്വാഗതാർഹമാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലിൽ ജനാധിപത്യത്തിന്റെ നിർവ്വചനം മാറ്റിയിരിക്കുകയാണ്. സഹകരണമേഖലയിലെ തെരഞ്ഞെടുപ്പിൽ വ്യാപക

മായി വ്യാജവോട്ട് നടക്കുന്നു. ജനാധിപത്യം സംരക്ഷിക്കുന്നതിന് സഹകരണമേഖലയിലെ 34000 അംഗങ്ങളുള്ള സൊസൈറ്റിയുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാനും തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുവേണ്ടി ജുഡീഷ്യൽ സ്വഭാവത്തോടുകൂടിയ ഒരു കമ്മിറ്റിയെ പരിശോധനയ്ക്ക് വിടാനുമുള്ള സംവിധാനമുണ്ടാകണം. സഹകരണ പ്രസ്ഥാനങ്ങളുടെ സാമ്പത്തികസ്ഥിതി വ്യക്തമാക്കണം. 380 കോടി രൂപയുടെ വായ്പ റബ്കോയ്ക്ക് മാത്രം നൽകിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ പണം മൾട്ടി നാഷണൽ കൾച്ചർ വളർത്താനും മാളുകൾ നിർമ്മിക്കാനും ഉപയോഗിക്കുന്നു. അത്തരം സ്ഥാപനങ്ങൾക്ക് ഈ തുക ചെലവഴിക്കുന്നത് ശരിയാണോയെന്നുള്ള കാര്യം വിലയിരുത്തണം. വൈദ്യനാഥൻ കമ്മിഷൻ നിർദ്ദേശിച്ച സഹകരണ പാക്കേജ് കേരളത്തിനനുയോജ്യമല്ലാത്തതിനാൽ ഇവിടെ നടപ്പാക്കേണ്ടതില്ല എന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എടുത്ത നിലപാടുമൂലം സംസ്ഥാനത്തിന് കിട്ടുമായിരുന്ന ഏകദേശം 1000 കോടിയോളം രൂപ കിട്ടാതെ പോയി. കടക്കെണിയിലായ പ്രൈമറി സഹകരണ സംഘങ്ങളെയും അപ്പെക്സ് സൊസൈറ്റികളെയും ആ തുക ഉപയോഗിച്ചുകൊണ്ട് രക്ഷിക്കാമായിരുന്നു. സഹകരണ ബാങ്കുകളിൽ രണ്ട് സാമ്പത്തിക വിദഗ്ദ്ധർ വേണമെന്ന കാര്യത്തിലും അഡ്മിനിസ്ട്രേറ്ററെ വച്ച് അധികാരം പിടിച്ചെടുക്കുന്നതിനുള്ള സാധ്യത ഇല്ലാതാക്കുന്ന നിബന്ധനയിലും വിയോജിപ്പുണ്ടെന്നു പറഞ്ഞാണ് വൈദ്യനാഥൻ കമ്മിഷൻ നിർദ്ദേശിച്ച സഹകരണ പാക്കേജ് ഇവിടെ നടപ്പിലാക്കാതിരുന്നത്. സഹകരണ സംഘങ്ങളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം. അവരുടെ നിക്ഷേപം ദുർവിനിയോഗം ചെയ്യാൻ അനുവദിക്കരുത്. സഹകരണ പ്രസ്ഥാ

നങ്ങളിൽ സാമ്പത്തിക അച്ചടക്കം പാലിക്കപ്പെടണം. അതിലൂടെ സഹകരണ പ്രസ്ഥാനങ്ങളുടെ ക്രെഡിബിലിറ്റി ഉറപ്പു വരുത്തണം. പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പ എടുത്ത് കെ.എസ്.ആർ.ടി.സി. ബസ് വാങ്ങിയത് ജില്ലാ ബാങ്കുകൾ പറയുന്ന റൂട്ടുകളിൽ ബസ്സ് ഓടിക്കാമെന്ന കണ്ടീഷനോടുകൂടിയാണ്. ആ തുക തിരിച്ചടച്ചുവോ എന്ന കാര്യം മന്ത്രി വ്യക്തമാക്കണം. ലോട്ടറി ടിക്കറ്റ് വിൽപ്പനയിലൂടെ സഹകരണ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്താനെന്ന വ്യാജേന ബാങ്കിൽ വരുന്ന പാവപ്പെട്ടവന്റെ മേൽ ലോട്ടറി ടിക്കറ്റ് അടിച്ചേൽപ്പിക്കുന്ന സഹകരണ വിരുദ്ധ നിലപാട് പിൻവലിക്കണം. ജനാധിപത്യത്തെത്തന്നെ തകർക്കുന്ന, ജനങ്ങളുടെ അവകാശങ്ങളിൽ കൈകടത്തുന്നവർക്കെതിരെ നടപടി എടുക്കണം. സാമ്പത്തിക കുറ്റവാളികളെ രക്ഷിക്കുന്ന വിധത്തിലുള്ള സമീപനം സ്വീകരിക്കരുത്. സഹകരണരംഗം സംശുദ്ധമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഈ നിയമം അപര്യാപ്തമാണ്.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ):</u> കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളിൽ കൃഷിക്കാർക്കും ബന്ധപ്പെട്ടവർക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന സഹകരണ രംഗത്തെ ത്രിതല സംവിധാനം മുന്നോട്ടു പോകാൻ 1997-ൽ കൊണ്ടു വന്ന നിയമം ഗവൺമെന്റ് ക്യാൻസൽ ചെയ്തപ്പോൾ ഉണ്ടായ ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കാനാണ് ഈ നിയമം കൊണ്ടുവന്നത്. എല്ലാ യോഗ്യതകളുമുള്ള അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളും പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളുമാണ് ഇതിൽ

അംഗങ്ങളായിട്ടുള്ളത്. മറ്റ് പ്രവർത്തനങ്ങളൊന്നും നടത്താതെ വോട്ട് ചെയ്യാൻ മാത്രമായി ഷെയർ എടുത്ത കടലാസ് സംഘങ്ങളും ഉണ്ട്. പിടിച്ചടക്കൽ രാഷ്ട്രീയം അവസാനിപ്പിക്കുകയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. ഏറ്റവും കുറച്ച് സംഘങ്ങൾ പിരിച്ചുവിട്ടത് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. ഗുരുതരമായി അഴിമതി കാണിച്ചതിന്റെ ഫലമായി പിരിച്ചുവിടൽ ഉണ്ടായിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ച് അന്വേഷണം വേണമെന്ന അഭിപ്രായം വന്നപ്പോൾ നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലപാട് എടുക്കണമെന്നാണ് ഗവൺമെന്റ് ആവശ്യപ്പെട്ടത്. സഹകരണ വകുപ്പിനെ ഒരു സ്വാശ്രയ വകുപ്പായി മാറ്റാൻ പറ്റില്ല. കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് സഹായത്തോടെ മാത്രമേ സഹകരണ വകുപ്പിന് പ്രവർത്തിക്കാൻ കഴിയൂ. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിരവധി സർക്കുലറുകൾ ബന്ധപ്പെട്ട സഹകരണ രജിസ്ട്രാർമാർ കാലാകാലങ്ങളിൽ ഇറക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് കമ്മിഷന്റെ പ്രവർത്തന ങ്ങളിൽ ഗവൺമെന്റ് ഇടപെട്ടിട്ടില്ല. കൂടുതൽ പരിഷ്ക്കാരങ്ങൾ ആവശ്യമാണെങ്കിൽ ചർച്ചചെയ്ത് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. ഇവിടെ ഉയർന്നുവന്നിട്ടുള്ള പ്രായോഗികമായ നിർദ്ദേശങ്ങൾ പഠിക്കാൻ ഗവൺമെന്റ് തയ്യാറാണ്. തെരഞ്ഞെടുപ്പ് ചട്ടങ്ങൾ കൃത്യമായി പാലിക്കു ന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും കാലാനുസൃതമായ മാറ്റം വരു ത്തുന്നതിനും ഗവൺമെന്റ് തയ്യാറാണ്. കാർഷിക കടാശ്വാസത്തെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷം തികഞ്ഞ രാഷ്ട്രീയ സമീപനം എടുക്കുന്നത് ശരിയല്ല. കാർഷിക കടാശ്വാസം സംബന്ധിച്ച് റിസർവ്വ് ബാങ്കും കേന്ദ്ര ധനമന്ത്രാലയവും സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച മാനദണ്ഡം അംഗീകരിക്കാതെ വീണ്ടും വീണ്ടും പുതിയ മാനദണ്ഡം

ചോദിച്ചതിലൂടെ വ്യക്തമായ വഞ്ചനയാണ് കാണിച്ചത്. കാലപരിധിയില്ലാതെ നിലവിലുള്ള എല്ലാ കാർഷിക വായ്പാ കുടിശ്ശികകളും എഴുതിത്തള്ളണമെന്നാണ് സംസ്ഥാന ഗവൺമെന്റ് സഹകരണ വകുപ്പിനോട് ആവശ്യപ്പെട്ടത്. സഹകരണ മേഖലയുടെ പൊതുഭരണത്തിൽ രാഷ്ട്രീയം പാടില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് പുന:പരിശോധനയ്ക്ക് വിധേയമാക്കി അതനുസരിച്ചുള്ള ഒരു നിലപാടാണ് സ്വീകരിക്കേണ്ടത്. വയനാട് ജില്ലയിൽ മാത്രമേ കർഷക കടാശ്വാസം കൊടുത്തിട്ടുള്ളൂ. 50 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. മറ്റ് ജില്ലകൾക്കുകൂടി കൊടുക്കണമെന്നാണ് തീരുമാനമെടുത്തിട്ടുള്ളത്. വിദർഭാ പാക്കേജ് പ്രകാരം 112.15 കോടി രൂപ കേരളത്തിന് കിട്ടിയത് മൊത്തം വിതരണം ചെയ്തു. കർഷക കടാശ്വാസം വിതരണം ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റിന് ധാർമ്മിക ബാധ്യതയും ഉത്തരവാദിത്വവുമുണ്ട് എന്ന കാര്യം അംഗീകരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 200 കോടി രൂപ എങ്ങനെ കൈകാര്യം ചെയ്യണമെന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റുമായി യാതൊരു ചർച്ചയും നടന്നിട്ടില്ല. റബ്കോയ്ക്ക് വർക്കിംഗ് ക്യാപ്പിറ്റലില്ല. 19 കോടി രൂപ റബ്കോയ്ക്ക് കൊടുക്കാനുള്ളത് ഇതേവരെ കൊടുത്തിട്ടില്ല. വർക്കിംഗ് ക്യാപ്പിറ്റൽ കൊടുത്താൽ റബ്കോ ലാഭത്തിലാകും. പെൻഷൻ ബോർഡ് സമൂലം പരിഷ്ക്കരിക്കേണ്ടതുണ്ടെന്നാണ് സഹകരണ വകുപ്പിന്റെ അഭിപ്രായം. അതിന് വിശദമായ ചർച്ച നടത്തി ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. പെൻഷൻ വിഹിതം അടച്ചവർക്ക് പെൻഷൻ കിട്ടാതെവരുന്ന അവസ്ഥ ഒഴിവാക്കാനാണ് വീഴ്ച വരുത്തുന്നവർക്ക് 24% പലിശ നിശ്ചയിച്ചത്. ആ ഇന്ററസ്റ്റ് റേറ്റ് കുറയ്ക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനായി ആക്ടിൽ ആവശ്യമായ ഭേദഗതി

വരുത്തേണ്ടിവരും. ആഡിറ്റ് നടത്തുന്ന പ്രക്രിയയിൽ തന്നെ സംഘത്തിനോ ബന്ധപ്പെട്ടവർക്കോ ആക്ഷേപമുണ്ടെങ്കിൽ അപ്പോൾത്തന്നെ പരിശോധിക്കാമെന്ന് സബ്ജക്ട് കമ്മിറ്റിയിൽ കൊടുത്ത ഉറപ്പ് റൂൾ ഉണ്ടാക്കുമ്പോൾ പാലിക്കുന്നതാണ്. മൂന്ന് ജില്ലകളിലെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ആഫീസിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 300 ആഡിറ്റേഴ്സിന് നാല് ദിവസം കൊണ്ട് ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. ആദ്യമായി ഈ ഗവൺമെന്റ് സഹകരണ രജിസ്ട്രാറുടെ കീഴിൽ 'ആഡിറ്റർ ജനറൽ' എന്ന ഒരു ഡിപ്പാർട്ടുമെന്റ് ഉണ്ടാക്കിയിരിക്കുകയാണ്. ബി.കോം., എം.കോം., എം.ബി.എ തുടങ്ങിയ അടിസ്ഥാന പരീക്ഷകൾ പാസ്സാകാത്ത ഒരാളും കോ-ഓപ്പറേറ്റീവ് സെക്ടറിൽ ആഡിറ്റർ തസ്തികയിൽ വരാൻ പാടില്ല എന്ന രീതിയിലുള്ള നിയമം പാസ്സാകുന്നതോടുകൂടി ഈ മേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. കേന്ദ്ര ഗവൺമെന്റിന്റെ ക്വാളിറ്റി കൺട്രോൾ ബോർഡ് കേരളത്തിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന ഇരുപത് ആശുപതികളെക്കുറിച്ച് പഠനം നടത്തുന്നതിൽ നാലെണ്ണവും കോ-ഓപ്പറേറ്റീവ് സെക്ടറിലുള്ളതാണ്. പരിയാരം മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ ഫൗണ്ടേഷനുണ്ട്. നല്ല ക്വാളിറ്റിയുള്ള വിലകുറഞ്ഞ മരുന്നുകൾ ഉണ്ടാക്കാനുള്ള പരിശ്രമം അവർ നടത്തുന്നുണ്ട്. പല ജില്ലാ സഹകരണ ബാങ്കുകളും പി.എസ്.സി.ക്ക് വിട്ട തസ്തികകളിലേയ്ക്ക് നിയമനങ്ങൾ നടത്തിയതായി ആക്ഷേപമുണ്ടായിട്ടുണ്ട്. അതിനെക്കറിച്ച് വിജലൻസ് എൻക്വയറി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ നിയമം പാസ്സാകുന്നതോടുകൂടി കേരളത്തിലെജില്ലാ ബാങ്കുകൾ സമസ്ത മേഖലയിലും ധന

സഹായം കൊടുക്കുന്ന മഹാ പ്രസ്ഥാനമായി മുന്നോട്ടുപോകും. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാംവകുപ്പ്

ശ്രീ. കെ. ബാബു: 121, 127 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: 128, 140 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാംവകുപ്പ്

ശ്രീ. കെ.സി. വേണുഗോപാൽ: 144-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. കെ.വി. തോമസ്: 146-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാംവകുപ്പ്

ശ്രീ. കെ.സി. ജോസഫ്: 152-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 153-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ഉം 6-ഉം വകുപ്പുകൾ

5-ഉം 6-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ഉം 6-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകരമുള്ള 2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 9-നെതിരെ 40 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകരമുള്ള 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. അനിരുദ്ധൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി

സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന മഹാഭൂരിപക്ഷം തൊഴിലാളികളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും സ്ത്രീകളുമാണ്. ആഗോള മാന്ദ്യത്തിന്റെ ഫലമായി കഴിഞ്ഞ വർഷം ആയിരം കോടി രൂപയുടെ കശുവണ്ടി കയറ്റുമതി ചെയ്തിരുന്നുവെങ്കിൽ ഈ വർഷം ഒരു പ്രതീക്ഷയ്ക്കും വകയില്ലാത്ത സ്ഥിതിയിൽ എത്തിനിൽക്കുകയാണ്. കാഷ്യൂ കോർപ്പറേഷനിൽ തൊഴിലാളി കൾക്ക് നിയമാനുസൃതമായ ആനുകൂല്യങ്ങൾ കൊടുക്കാതെ കുടിവറുപ്പ് എന്ന പേരിൽ രജിസ്റ്റർ ചെയ്ത് അവരെക്കൊണ്ട് പണിയെടുപ്പിക്കുന്നു. ഈ വ്യവസ്ഥ റഗുലറൈസ് ചെയ്യുന്നതിനായി 1967-ലെ ഗവൺമെന്റ് കുടിവറുപ്പ് വ്യവസായം എന്നുപറയുന്ന അൺരജിസ്റ്റേർഡ് ഫാക്ടറികളെ നിയന്ത്രിക്കു ന്നതിനുള്ള നിയമം കേരളത്തിൽ കൊണ്ടുവന്നു. അങ്ങനെയുള്ള പശ്ചാത്തലത്തിലാണ് പുതിയ നിയമ ഭേദഗതി കൊണ്ടുവന്നത്. മിനിമം വേജസ് കമ്മറ്റിയെ നിയോഗിക്കുകയും നിയമം അനുസരിച്ചുള്ള നടപടി പൂർത്തിയാക്കി നോട്ടിഫൈ ചെയ്യുകയും തൊഴിലാളികൾക്ക് അതിന്റെ ഗുണഫലം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടത് ആവശ്യ മാണ്. മിനിമം വേജസ് നൽകാതെ ഫാക്ടറികൾ നടത്തുന്നവരെ ശിക്ഷിക്കു ന്നതിന് മിനിമം വേജസ് ആക്ടിൽ വ്യവസ്ഥയുണ്ട്. ലേബർ വകുപ്പിൽ ഒരു പ്രത്യേക എൻഫോഴ്സ്മെന്റ് വിഭാഗം ഉണ്ടാക്കാൻ മുൻകൈയെടുത്ത തൊഴിൽ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. സ്വകാര്യ മുതലാളിമാർ നടത്തുന്ന കശുവണ്ടി ഫാക്ടറികളിൽ നിയമവിധേയമായി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ഗവൺമെന്റിന്റെ കടമയാണ്. നിലവിലുള്ള തൊഴിൽ നിയമങ്ങൾ സംബന്ധിച്ച് ഇപ്പോൾ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. മുതലാളിമാർ ലാഭമുണ്ടാക്കുക എന്നതൊഴിച്ച്

തൊഴിലാളിക്ഷേമത്തെക്കുറിച്ചോ അവരുടെ ആരോഗ്യസ്ഥിതിയെക്കുറിച്ചോ അന്വേഷിക്കാറില്ല. കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഓപ്പൺ മാർക്കറ്റിൽ കശുവണ്ടി വിൽക്കുന്ന സ്ഥലത്തുതന്നെയാണ് തൊഴിലാളികൾക്ക് ആനുകൂല്യങ്ങളൊന്നും നൽകാതെ മുതലാളിമാരും ഉൽപ്പന്നങ്ങൾ വിൽക്കുന്നത്. കോർപ്പറേഷനും കാപ്പെക്സും തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ എല്ലാം കൊടുത്ത് പ്രോസ്സസ് ചെയ്യുമ്പോൾ കൂടുതൽ തുക ചെലവാകും. എന്നാൽ മുതലാളി മാർക്ക് ഓപ്പൺ മാർക്കറ്റിൽ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ വിൽക്കാൻ കഴിയും. ഒന്നുകിൽ മുതലാളിമാർ നടത്തുന്ന ഫാക്ടറികൾ നിർത്തലാക്കണം അല്ലെങ്കിൽ നിലവിലുള്ള തൊഴിൽ നിയമങ്ങൾ അനുശാസിക്കുന്ന വിധത്തിലുള്ള കൂലിയും മറ്റാനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭ്യ മാകുമെന്ന് ഉറപ്പുവരുത്തണം. കശുവണ്ടി ഫാക്ടറികളിൽ 8 മണിക്കൂറിനു പകരം 12 മണിക്കൂർ വരെ ജോലിചെയ്യുന്ന തൊഴിലാളികൾ ബഹുഭൂരിപക്ഷവും കൊല്ലം കേന്ദ്രകരിച്ചാണ് പ്രവർത്തിക്കുന്നത്. ആഗോള വിപണിയിലെ മാന്ദ്യത്തിന്റെ ഫലമായി വിദേശ കമ്പോളങ്ങളിൽ കശുവണ്ടിക്ക് മാർക്കറ്റിൽ ഇടിവ് വന്നിട്ടുണ്ടെങ്കിലും മൂന്ന് ലക്ഷത്തിലധികം തൊഴിലാളികൾ ഉപജീവനത്തിന് ആശ്രയിക്കുന്ന ഒരു പരമ്പരാഗത വ്യവസായമെന്നുള്ള നിലയ്ക്ക് ഈ വ്യവസായത്തെ നിലനിർത്തിക്കൊണ്ടുപോകുന്നതിന് അനിവാര്യമായ കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. കശുവണ്ടി വ്യവസായത്തിന്റെ അസംസ്കൃത സാധനമായ കശുവണ്ടിപ്പരിപ്പിന് ആവശ്യമായ കശുവണ്ടി ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. വിദേശ മാർക്കറ്റിലും ആഭ്യന്തര മാർക്കറ്റിലും കേരളത്തിലെ കശുവണ്ടിക്കാണ് ഏറ്റവും കൂടുതൽ ഡിമാന്റുള്ളത്. കേരള

ത്തിലെ കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾ സ്വാഗതാർഹമാണ്. വളർന്നുവരുന്ന ഒരു വ്യവസായമെന്ന നിലയിൽ കേരളത്തിന്റെ കുത്തക നിലനിർത്തിക്കൊണ്ടു പോകുന്നതിന് കൊല്ലം കേന്ദ്രീകരിച്ച് ഒരു കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിനുള്ള തീരുമാനം പ്രാവർത്തികമാക്കാൻ കഴിയണം. ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ശിക്ഷ ഒരു വർഷത്തെ തടവും ഒരു ലക്ഷം രൂപയിൽ കൂടുതൽ പിഴയും എന്ന് മാറ്റണം. കശുവണ്ടി കൃഷി പ്രോൽസാഹിപ്പിച്ചതിന്റെ ഫലമായി കഴിഞ്ഞ വർഷം സംസ്ഥാനത്തിന് വമ്പിച്ച ആദായം ലഭിച്ചിട്ടുണ്ട്. ആഭ്യന്തര വിപണിയിലും കാഷ്യൂനട്ടിന് നല്ല ഡിമാന്റുണ്ട്. കാഷ്യൂ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കാഷ്യൂനട്ടിൽ നിന്ന് കാഷ്യൂ പൗഡർ, കാഷ്യൂ സൂപ്പ്, കാഷ്യൂ വിറ്റ തുടങ്ങി വാല്യൂ ആഡഡ് പ്രോഡക്ടുകൾ ഉൽപ്പാദിപ്പിച്ച് കയറ്റിയയ്ക്കുന്നുണ്ട്. ഇതിന് ഇന്റേർണൽ മാർക്കറ്റിൽ നല്ല ഡിമാന്റുണ്ട്. ഈ വ്യവസായത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകമാകുന്ന നിലയിൽ മാതൃകാസ്ഥാപനങ്ങളായി പ്രവർത്തിക്കുന്ന കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തേണ്ടത് അത്യാവശ്യമാണ്. തൊഴിൽ നിയമങ്ങൾ ലംഘിച്ചുകൊണ്ടും ആനുകൂല്യങ്ങൾ നൽകാതെയും കോൺട്രാക്ട് വ്യവസ്ഥയിൽ ആളുകളെക്കൊണ്ട് ജോലിചെയ്യിപ്പിച്ച് അന്തർദ്ദേശീയ മാർക്കറ്റിൽ ഉൽപ്പന്നങ്ങൾ വിലകുറച്ച് വിൽക്കുന്നതിന് സ്വകാര്യ മുതലാളിമാരെ അനുവദിച്ചാൽ കേരളത്തിലെ ഈ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നശിക്കുകയും അവിടെ പണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾ പട്ടിണിയിലാകുകയും ചെയ്യും.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരള ത്തിലെ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി വ്യവസായം നിയമവിധേയമാക്കുന്നതിന് 1967-ൽ പാസ്സാക്കിയ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന ബില്ലിലുള്ള ശിക്ഷാവിധി കളിൽ പോരായ്മയുള്ളതായി തോന്നിയതുകൊണ്ടാണ് ഇത്തരത്തിൽ ഒരു ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഇൻഡ്യാ രാജ്യത്ത് ഏറ്റവുംക്കൂടുതൽ വിദേശ നാണ്യം നേടിത്തരുന്ന ഒരു വ്യവസായമാണിത്. നിരവധി പരിഷ്ക്കാരങ്ങൾ ഈ മേഖലയിൽ കൊണ്ടുവന്നിട്ടുണ്ട്. തൂക്കത്തിലുള്ള വെട്ടിപ്പ്, ഹാജർ കുറയ്ക്കൽ, പി.എഫ്. വിഹിതം കൃത്യമായി അടയ്ക്കാതിരിക്കൽ തുടങ്ങി കശുവണ്ടി മേഖലയിൽ നിലനിന്നിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഗവൺമെന്റ് കൊണ്ടുവ ന്നിട്ടുള്ള ഭേദഗതികൾ വളരെ സഹായകരമാകും. കാഷ്യു വിറ്റ, കാഷ്യു പൗഡർ തുടങ്ങി സ്വാദിഷ്ടവും ആരോഗ്യകരവുമായ പദാർത്ഥങ്ങളുടെ ഉൽപ്പാദനംകൂടി ഇന്ന് ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. വിദേശ രാജ്യങ്ങളിലുണ്ടായ സാമ്പത്തികമാന്ദ്യം മൂലം കശുവണ്ടി വ്യവസായവും പ്രതിസന്ധി നേരിടുന്നുണ്ട്. കശുവണ്ടി വ്യവസായത്തെ കുറച്ചുകൂടി മെച്ചപ്പെടുത്താൻ വൈവിദ്ധ്യമാർന്ന പ്രോഡക്ടുകൾ ഉണ്ടാക്കാനും കശുമാവ് കൃഷി വ്യാപിപ്പിക്കാനും വേണ്ട നടപടികൾകൂടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യു കൾട്ടിവേഷൻ എന്ന ഏജൻസി രൂപീകരിച്ചി

ട്ടുണ്ട്. അതിനുവേണ്ടി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഏകദേശം 2500 കോടി രൂപ വിദേശ നാണ്യം നേടിത്തരുന്ന ഈ വ്യവസായത്തെ ശക്തിപ്പെടുത്താൻ ഇത് സഹായിച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായത്തിന്റെ ആഭ്യന്തര വിപണി കൂടുതൽ മെച്ചപ്പെടുത്താൻ സൈനിക ക്യാമ്പുകളിലേയ്ക്ക് കശുവണ്ടിപ്പരിപ്പ് സപ്ളൈ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. കശുവണ്ടി വ്യവസായ മേഖലയെ ആധുനികവൽക്കരിച്ചുകൊണ്ട് നല്ല വൃത്തിയും വെടിപ്പുമുള്ള സാഹചര്യങ്ങൾ കശുവണ്ടി ഫാക്ടറികളിൽ ഉണ്ടാക്കണം. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് മാന്യമായി ജോലി ചെയ്യാനുള്ള അവസരവും കൂടുതൽ ഉൽപ്പാദനം ഉണ്ടാക്കാനുള്ള പ്രവർത്തനവുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തൂക്കത്തിലുള്ള വെട്ടിപ്പ് തടയാൻ ഇലക്ട്രോണിക് ത്രാസ് അടക്കമുള്ള സംവിധാനം ഈ മേഖലയിലുണ്ടാക്കണം. പ്രൈവറ്റ് മേഖലയിലെ ഫാക്ടറികളിൽ പണിയെടുക്കുന്ന സ്ത്രീകൾക്കാവശ്യമായ പ്രാഥമിക സൗകര്യം മെച്ചപ്പെടുത്താൻവേണ്ടിയുള്ള നടപടികളുണ്ടാകണം. കാഷ്യൂ ബോർഡ് കൊല്ലത്ത് സ്ഥാപിക്കുന്നത് നടപടി സ്വീകരിക്കണം. രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ പരിശോധിക്കാമെന്നും അവിടെ ശേഖരിച്ചുവച്ചിരിക്കുന്ന കശുവണ്ടി പിടിച്ചെടുക്കാമെന്നുമാണ് നിയമത്തിൽ പറഞ്ഞിട്ടുള്ളത്. പിടിച്ചെടുത്ത അസംസ്കൃത കശുവണ്ടി നശിക്കാതെ എത്രയുംവേഗം ലേലം ചെയ്തു കൊടുക്കാമെന്നുള്ള വ്യവസ്ഥ ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വളരെ സഹായകരമാണ്. ശിക്ഷാവിധികളുടെ കാഠിന്യം കുറച്ചുകൂടി കൂട്ടുകയും നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് നിയമത്തിൽ വ്യവസ്ഥയുണ്ടാകണം. ഈ നിയമം പാസ്സാക്കി രജിസ്റ്റർ

ചെയ്യാത്ത ഫാക്ടറികൾ കർശനമായി നിരോധിക്കുകയും കശുവണ്ടി മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യണം.

<u>ശ്രീ. കെ. സി. ജോസഫ്</u>: ബില്ലിനെ അനുകൂലിക്കുന്നു. ഈ ബില്ലിലെ വ്യവസ്ഥകളെക്കുറിച്ച് തർക്കമില്ല. രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറി കൾ നിരോധിക്കേണ്ടത് പൊതുവായിട്ടുള്ള ആവശ്യമാണ്. ആഗോള സാമ്പത്തിക മാന്ദ്യംമൂലം കശുവണ്ടി മേഖലയും പ്രതിസന്ധി നേരിടുകയാണ്. ലോകത്തിലെ ഹൈ ക്വാളിറ്റി കശുവണ്ടി ഉൽപ്പാദിപ്പിക്കുന്ന മേഖലകളാണ് കണ്ണൂരും കാസർഗോഡും എന്നതിനാൽ കാഷ്യു ബോർഡിന്റെ ആസ്ഥാനമാകേണ്ടത് കണ്ണൂർ ജില്ലയോ കാസർകോട് ജില്ലയോ ആണ്. ഈ രംഗത്ത് ആവശ്യമായ പ്രോൽസാഹനം കൊടുത്തില്ലെങ്കിൽ കേരളത്തിൽ കശുവണ്ടിയുടെ ഉൽപ്പാദനം കുറയും. ഈ നിയമത്തിൽ പറയുന്നതുപോലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധി ക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. പിടിച്ചെടുക്കുന്ന കശുവണ്ടി പെരിഷബിൾ ആയതുകൊണ്ട് അത് എത്രയുംവേഗം ഡിസ്പോസ് ചെയ്തില്ലെങ്കിൽ നശിച്ചുപോകുമെന്നതിനാൽ അതിനാവശ്യമായ വ്യവസ്ഥ ബില്ലിലുൾപ്പെടുത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> ഈ ബിൽ പാസ്സാക്കുന്നതിനോട് എല്ലാവർക്കും യോജിപ്പുണ്ട്. നാണ്യ വിളകളുടെ വില നിയന്ത്രിക്കുന്നത് വ്യവസായ വാണിജ്യമന്ത്രാലയമാണ്. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ ഫലമായി വിദേശ മാർക്കറ്റിൽ കശുവണ്ടിയുടേയും വിലയിടിഞ്ഞിരിക്കുന്നു. ആഹാര സാധനമായതുകൊണ്ട് വളരെ ഹൈജീനിക് ആയിട്ടുള്ള സ്ഥലത്തായിരിക്കണം കശുവണ്ടി പ്രോസസ് ചെയ്യേണ്ടത്. അതുകൊണ്ട് പരിശോധനയ്ക്കാവശ്യമായ

ലബോറട്ടറികളും ആവശ്യമാണ്. വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കപ്പെടുന്ന കശുവണ്ടിക്ക് അർഹമായ വില ലഭിക്കുന്നതിന് കേന്ദ്ര വാണിജ്യമന്ത്രാലയം മുൻകയ്യെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കശുവണ്ടിയുടെ ആഭ്യന്തര വിപണി വികസനത്തിനായി ബന്ധപ്പെട്ട് സൈനിക ക്യാമ്പുകളിലേയ്ക്ക് കശുവണ്ടി വാങ്ങിക്കണമെന്നും കൊല്ലം ആസ്ഥാനമായി കാഷ്യു ബോർഡ് രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാൻ പോകുകയാണ്. രാജ്യത്ത് ഉൽപാദിപ്പിക്കുന്ന കശുവണ്ടിയുടെ 78 ശതമാനം ഉൽപ്പാദനം നടക്കുന്നത് കേരളത്തിലാണ്. മൂന്ന് ലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനും ഈ രംഗത്ത് നിലനിൽക്കുന്ന അരാജകത്വം അവസാനിപ്പിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ: 107-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 108-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Minister for Labour and Excise (Shri P.K. Gurudasan): Sir, I move the following official amendment:

139. In the new section 5 A and in the marginal heading to be inserted in the principal Act by clause 3 of the Bill for the words "raw cashewnuts" wherever they appear substitute the word "cashewnuts".

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 110, 119 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 111, 124 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി.വേണുഗോപാൽ: 115-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: 120-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. കെ. വി. തോമസ്: 125-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എ.പി. അനിൽകുമാർ</u>: 126-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. ഗുരുദാസൻ):</u> 139-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: 136-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. ഗുരുദാസൻ):</u> ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

ശ്രീ. കെ. ബാബു: 137-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 138-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ രജിസ്റ്റർ ചെയ്യാത്ത കശുവണ്ടി ഫാക്ടറികൾ നിരോധന (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(3) 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള അഡ്വക്കേറ്റ്സ് കാളാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബിൽ നേരത്തെ സഭയിൽ വന്നപ്പോൾ 14-ാം വകുപ്പിന്റെ ഭേദഗതിയിൽ ആറു രൂപയാക്കി ഉയർത്തുന്നു എന്നതിനോട് എതിർപ്പ് പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തിയതാണ്. പക്ഷെ അത് ഇപ്പോൾ വീണ്ടും കൊണ്ടുവന്നിരിക്കുന്നു. ഗുമസ്തപണി ചെയ്യുന്ന ആളുകളെ സഹായിക്കരുതെന്ന അഭിപ്രായമില്ല. പക്ഷെ അതിന് നിയമപരമായ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഒരു സാധാരണക്കാരന് സുപ്രീംകോടതിയിലോ ഹൈക്കോടതിയിലോ കേസ് ഫയൽ ചെയ്യണമെങ്കിൽ ലക്ഷക്കണക്കിന്

രൂപയാണ് കൊടുക്കേണ്ടിവരുന്നത്. ഇതിനുപുറമേ കക്ഷികൾക്കും ക്ളാർക്കുമാർക്കും തുക കൊടുക്കണം. ഇതിന് ഒരു നിബന്ധനയില്ല. ഒരു സാധാരണക്കാരന് നീതി ലഭിക്കാൻ ഹൈക്കോടതിയിൽ അല്ലെങ്കിൽ സുപ്രീം കോടതിയിൽ പോകാൻ കഴിയുന്ന വിധത്തിൽ ക്ളാർക്കുമാർക്ക് ഒരു കേസിന് ഇത്ര രൂപ കൊടുക്കണമെന്ന് തീരുമാനിച്ചുകൊണ്ട് അവരെയും പാവപ്പെട്ട കക്ഷിക്കാരെയും സഹായിക്കുന്ന വിധത്തിലുള്ള ഒരു നിയമനിർമ്മാണം നടത്താനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. കെ. ഷാജു: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നീതി നടത്തിപ്പിന് ചെലവേറിവരുന്ന സാഹചര്യമാണിന്നുള്ളത്. നേരത്തെ ഈ ബില്ലിൽ സ്റ്റാമ്പ് വാല്യൂ 6 രൂപ എന്നത് 3 രൂപയായി കുറയ്ക്കുകയും അത് വീണ്ടും 6 ആയിത്തന്നെ ഉയർത്തുകയും ചെയ്ത സാഹചര്യത്തിൽ 6 രൂപ എന്നത് പഴയതുപോലെ 3 രൂപയായിത്തന്നെ നിലനിർത്തണമെന്നാണ് എന്റെ ഭേദഗതി.

(1 A ഭേദഗതി അവതരിപ്പിച്ചില്ല.)

ശ്രീ. എ. പ്രദീപ് കുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ 14, 17 എന്നീ രണ്ട് വകുപ്പുകൾക്കാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. 2003-ലെ നിയമ നിർമ്മാണവേളയിൽ സ്റ്റാമ്പ് ഫീസ് 6 രൂപയെന്നത് 5 രൂപയാക്കണമെന്ന

ആവശ്യമുന്നയിക്കുകയുണ്ടായെങ്കിലും അന്നത് അഗീകരിക്കാത്തതിന്റെ പ്രായോഗികമായ വൈഷമ്യങ്ങൾ ബോദ്ധ്യപ്പെട്ടതിനെത്തുടർന്നാണ് ഇത്തരം ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അംഗങ്ങൾക്ക് ക്ഷേമനിധി നിയമമനുസരിച്ച് നൽകുന്ന മാക്സിമം തുകയായ 1 ലക്ഷം രൂപ 2 ലക്ഷം രൂപയാക്കണമെങ്കിൽ സ്റ്റാമ്പ് ഫീ, അംഗങ്ങളുടെ വിഹിതം എന്നിവ വർദ്ധിപ്പിക്കണം. അഡ്വക്കേറ്റ്സ് ക്ലാർക്കുമാർക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം നൽകിയിട്ടുള്ള ആനുകൂല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 'മെഡി ക്ലെയിം പദ്ധതി'. ഈ ക്ഷേമനിധിയിൽ അംഗത്വമെടുത്ത് 5 വർഷത്തിനിടയിൽ മരണപ്പെടുന്നവരുടെ കുടുംബത്തിന് നൽകുന്ന ധനസഹായം 15,000/- രൂപയിൽനിന്ന് 30,000/- രൂപയാക്കി വർദ്ധിപ്പിക്കണം. അഡ്വക്കേറ്റ്സ് ക്ലാർക്കുമാർക്ക് പെൻഷൻ സ്കീം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കണം. നേരത്തെയുണ്ടായിരുന്ന ഇൻഷ്വറൻസ് സ്കീമിലെ അംഗങ്ങൾക്ക് അവരുടെ ആനുകൂല്യം തിരിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ നിയമ വകുപ്പ് വഴി ക്ഷേമനിധി ബോർഡിലേയ്ക്ക് കൈമാറാനുള്ള തീരുമാനമനുസരിച്ചുള്ള നോട്ടിഫിക്കേഷൻ ഇറക്കുന്നതിന് നടപടി സ്വീകരിക്കണം. ക്ഷേമനിധി ബോർഡിലെ അഡ്വക്കേറ്റ്സ് ക്ലാർക്കുമാരുടെ ഒഴിവ് എത്രയുംവേഗം നികത്താൻ നടപടി സ്വീകരിക്കണം. ഈ ബിൽ ഏകകണ്ഠമായി പാസ്സാക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> : കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ അംഗമായ ഒരാളിന് ലഭിക്കുന്ന പരമാവധി ക്ഷേമനിധി തുകയായ 1 ലക്ഷം രൂപ 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാൻ

സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിനുവേണ്ടി ഈ നിയമത്തിൽ ചില ഭേദഗതികൾ കൂടിയേതീരൂ എന്ന് കണ്ടുകൊണ്ടാണ് 14, 17 എന്നീ വകുപ്പുകൾക്ക് ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടുള്ള നിയമം കൊണ്ടു വന്നിരിക്കുന്നത്. അതിന്റെ ഭാഗമായി സ്റ്റാമ്പ് ഫീ 2 രൂപ എന്നത് 6 രൂപയാക്കുകയും ഓരോ അംഗവും നൽകേണ്ട വാർഷിക വരിസംഖ്യ 200 രൂപയെന്നത് 400 രൂപയാക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേമനിധി ബോർഡിലെ ഗുമസ്തന്മാരുടെ പ്രാതിനിധ്യ ഒഴിവ് നികത്തി. മെഡി ക്ലെയിം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞു. പെൻഷൻ പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് കിട്ടിയാലുടനെ തീരുമാനമെടുക്കുന്നതാണ്. ബിൽ പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടിട്ടില്ല)

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

ശ്രീ. സി.ടി. അഹമ്മദ് അലി: 116-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 122-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഭേദഗതികൾ സ്വീകാര്യമല്ല

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. കെ.ബാബു: 124 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഭേദഗതി സ്വീകാര്യമല്ല.

4-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടിട്ടില്ല)

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സബ്ജക്ട് കമ്മിറ്റി

റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി

(4) 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ

വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. മുരളി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2005-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്ടിലെ നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച്, സർവ്വകലാശാലയ്ക്ക് സ്വാശ്രയ സർവ്വകലാശാല പദവിയുള്ളതിനാൽ, സർവ്വകലാശാല ധനസഹായ കമ്മീഷനിൽ നിന്നോ മറ്റേതെങ്കിലും ഏജൻസികളിൽ നിന്നോ ഗ്രാന്റുകൾ സ്വീകരിക്കുന്നതിന് സാധിക്കാത്ത അവസ്ഥയുള്ളതുകൊണ്ട് അവ ലഭ്യമാക്കുന്നതിൽ ആക്ടിൽ എവിടെയെല്ലാം സ്വാശ്രയം എന്ന വാക്ക് ഉൾപ്പെടുത്തിയിട്ടുണ്ടോ അതെല്ലാം

വിട്ടുകളഞ്ഞുകൊണ്ട് സർവ്വകലാശാലയുടെ പദവി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചത് നല്ല കാര്യമാണ്. സെക്ഷൻ (17) സബ് സെക്ഷൻ (XV) പ്രകാരം ജനറൽ കൗൺസിലിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് നിയമ വിദഗ്ദ്ധരിൽ ഒരാൾ വനിത ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് സ്വാഗതാർഹമാണ്. അങ്ങനെ രണ്ട് നിയമവിദഗ്ദ്ധരെ ഏകപക്ഷീയമായിട്ടല്ലാതെ പ്രതിപക്ഷനേതാവിന്റേയും അഭിപ്രായ ഐക്യത്തോടുകൂടി നിയമിക്കണമെന്ന നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നു. 46(എ) ഭാഗികമായി സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും ആ നിലയിൽ പാസ്സാക്കി എടുക്കരുതെന്ന നിർദ്ദേശമാണ് സമർപ്പിക്കാനുള്ളത്. സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ ഫീസും പ്രവേശനവും സംബന്ധിച്ച സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കുന്നതിന് ഒരു കമ്മിഷനെ നിയമിക്കാനും നടപടികൾ സ്വീകരിക്കാനുമുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കണം. ക്ലാസ്സ് 5 (iii)-ൽ ജോയിന്റ് സെക്രട്ടറി എന്നതിനുപകരം അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരാൾ ഉന്നത വിദ്യാഭ്യാസ എക്സിക്യൂട്ടീവ് കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യണം. സെർച്ച് കമ്മിറ്റിയിൽ ഇന്ത്യൻ ബാർ കൗൺസിലിന്റെ പ്രതിനിധിയോടൊപ്പം കേരള ബാർ കൗൺസിലിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണമെന്ന വ്യവസ്ഥ കൊണ്ടുവരണം..

ശ്രീ. എ.പി. അനിൽകുമാർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2005-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്ടിലെ നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് സർവ്വകലാശാലയ്ക്ക് സ്വാശ്രയ

സർവ്വകലാശാല പദവിയുള്ളതിനാൽ സർവ്വകലാശാലയ്ക്ക് സർവ്വകലാശാല ധനസഹായ കമ്മീഷനിൽ നിന്നോ മറ്റേതെങ്കിലും ഏജൻസികളിൽ നിന്നോ ഗ്രാന്റുകൾ സ്വീകരിക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണ്. അങ്ങനെയുള്ള ഗ്രാന്റുകൾ ലഭിക്കുന്നതിന് സർവ്വകലാശാലയെ പ്രാപ്തമാക്കുന്നതിലേയ്ക്കായി ആക്ടിൽ എവിടെയെല്ലാം സ്വാശ്രയം എന്ന വാക്ക് ഉൾപ്പെടുത്തിയിട്ടുണ്ടോ അതെല്ലാം വിട്ടുകളഞ്ഞുകൊണ്ട് സർവ്വകലാശാലയുടെ പദവി മാറ്റുന്നതിന് തീരുമാനിച്ചുകൊണ്ടാണ് സർക്കാർ പുതിയ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ജനറൽ കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്തി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗത്തെ ഉൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നതു വഴി രാഷ്ട്രീയ നിയമനങ്ങൾ നടത്താനുള്ള ഒരു വേദിയാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ഉപയോഗപ്പെടുത്താനും വിദ്യർത്ഥികളുടെ ഫീസും പ്രവേശനവും നിർണ്ണയിക്കുന്നതിന് എക്സിക്യൂട്ടീവ് കൗൺസിലുകൾക്ക് അധികാരം നൽകിയിരിക്കുന്നതുവഴി സർവ്വകലാശാലയുടെ ആട്ടോണമിയെ തകർക്കാനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. സെൽഫ് ഫിനാൻസിംഗ് മേഖലയുടെ നിലവിലുള്ള സ്ഥിതിയെന്താണെന്നു പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. രണ്ടര വർഷത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണത്തിൽ സ്വാശ്രയ മേഖലയുടെ അവസ്ഥയെന്തായെന്ന് വ്യക്തമാക്കണം. സ്വാശ്രയ കോളേജ് പ്രവേശനത്തിൽ 50 ശതമാനം മാനേജ്മെന്റ് സീറ്റിലും സർക്കാർ ഫീസ് വേണമെന്ന ആവശ്യം ഉന്നയിച്ചിരുന്ന പാർട്ടികൾ അധികാരത്തിൽ എത്തിയപ്പോഴും അതിനെ ന്യായീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കണം. നിയമസഭ പാസ്സാക്കിയ സ്വാശ്രയ നിയമം ബഹുമാനപ്പെട്ട ഹൈക്കോടതി

ക്വാഷ് ചെയ്തശേഷം ഫീസ് നിർണ്ണയിക്കാനുള്ള ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മീഷന്റെ അധികാരം ഇല്ലാതാക്കിയത് എൽ.ഡി.എഫ്. സർക്കാരാണ്. യു.ഡി.എഫ്. ഭരണകാലത്ത് സ്വാശ്രയ കോളേജിൽ ഉണ്ടായിരുന്ന ഫീസിനേക്കാൾ ഉയർന്ന ഫീസാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. പ്രസ്തുത കാര്യങ്ങൾ സംബന്ധിച്ചുള്ള സർക്കാരിന്റെ വ്യക്തമായ അഭിപ്രായം അറിയണം. പൊതുമേഖലയെ തകർക്കുക മാത്രമല്ല സ്വകാര്യ മാനേജ്മെന്റു കളെ സഹായിക്കുക എന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസ മേഖല അനിശ്ചിതത്വത്തിലാണ്. അത് പരിഹരിച്ചി ല്ലെങ്കിൽ സ്വാശ്രയ ബില്ലിന്റെ ഉദ്ദേശലക്ഷ്യം നിറവേറ്റാൻ കഴിയാതെ വരും. ഇന്ന് വിദ്യാർത്ഥികൾക്ക് ഈ മേഖലയോടുള്ള വിശ്വാസ്യത നഷ്ടമാ യിട്ടുണ്ട്. എല്ലാ മേഖലയിലും കുറഞ്ഞ ചെലവിൽ വിദ്യാഭ്യാസം കൊടു ക്കുന്ന സാഹചര്യം സൃഷ്ടിക്കുകയാണ് വേണ്ടത്. സർക്കാരിന്റെ പുതിയ പാഠ്യപദ്ധതി പരിഷ്കാരങ്ങൾക്ക് സ്വയം വിലയിരുത്തൽ ആവശ്യമാണ്. കേന്ദ്രീയ വിദ്യാലയങ്ങളിൽപ്പോലും ക്വാർട്ടർലി/ഹാഫ് ഇയർലി പരീക്ഷകളും മാസംതോറുമുള്ള പരീക്ഷകളും നടത്താറുണ്ട്. പാവപ്പെട്ടവർ പഠിക്കുന്ന സർക്കാർ സ്ക്കൂളുകളിൽ പരീക്ഷയേ വേണ്ട എന്നു പറയുന്നത് ശരിയല്ല. വെല്ലുവിളികൾ നേരിടുന്ന പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്താൻ നടത്തുന്ന പരീക്ഷണങ്ങൾ പൊതു വിദ്യാഭ്യാസ രംഗത്തെ ദുർബലപ്പെടു ത്താൻ ഇടവരും. പരിഷ്ക്കാരങ്ങൾ കുട്ടികൾക്ക് ഗുണകരമായിരിക്കണം.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഹയർ എഡ്യുക്കേഷൻ കൗൺസിൽ സംവിധാനം സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെ പാടെ തകർക്കും. 17, 27 എന്നീ വകുപ്പുകൾക്കുള്ള ഭേദഗതികളെക്കുറിച്ച് പുനരാലോചിക്കണം. ഇടതുപക്ഷ

ജനാധിപത്യ മുന്നണിയുടെ സ്വാശ്രയ നയം എന്താണെന്ന് വ്യക്തമാക്കണം. പ്രതിപക്ഷത്തിരുന്നപ്പോൾ സ്വാശ്രയമേഖലയെ കുറ്റം പറഞ്ഞവർ അധികാര ത്തിൽ വന്നതിനുശേഷം സ്വാശ്രയ മേഖലയിലോ ഗവൺമെന്റ് നിയന്ത്രണ ത്തിലുള്ള സ്വാശ്രയ മേഖലയിലോ ആണ് പുതുതായി 16 കോളേജുകളും അനുവദിച്ചത്. സുപ്രീംകോടതി വിധി നേടിയെടുത്താൽപ്പോലും ഗവൺമെന്റ് കോളേജുകളിൽ പ്രവേശനം ലഭ്യമാക്കാൻ സാധിക്കാത്ത അവസ്ഥ അവസാനിപ്പിക്കണം. വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യ നീതി ഉറപ്പാ ക്കണം. സർക്കാർ ഖജനാവിൽ നിന്ന് ഒന്നര കോടി രൂപയോളം ചെലവഴിച്ച് ഈയിടെ നടത്തിയ ഇന്റർനാഷണൽ ഡെമോക്രാറ്റിക് ആന്റ് സെക്യൂലർ എഡ്യുക്കേഷൻ ആന്റ് കേരള എക്സ്പീരിയൻസ് എന്ന സെമിനാർ ഇടതുപക്ഷ പാർട്ടി സമ്മേളനത്തിന് തുല്യമായിരുന്നു. സെമിനാർ അക്കാഡമി കമ്മിറ്റിയിലുണ്ടായിരുന്ന ഇടതുപക്ഷ രാഷ്ട്രീയ ചിന്തകൻമാർ കേന്ദ്ര സർക്കാരിനെ കുറ്റപ്പെടുത്തുന്നതിലായിരുന്നു താൽപ്പര്യം പ്രകടി പ്പിച്ചത്. കേന്ദ്ര ഗവൺമെന്റ് നയങ്ങളെ കുറ്റപ്പെടുത്തിയാണ് സെമിനാറിൽ പങ്കെടുത്ത വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി പ്രസംഗിച്ചത്. സർക്കാരിന്റെ താൽപര്യമനുസരിച്ച് പാർട്ടി അനുഭാവികൾക്ക് വലിയ സ്ഥാനമാനങ്ങൾ നൽകിയും സെമിനാറുകൾ നടത്തിയും ധൂർത്തടി ക്കാനുള്ളതല്ല വിദ്യാഭ്യാസ മേഖല. സ്വാശ്രയ എന്ന വാക്ക് ഒഴിവാക്കി ക്കൊണ്ട് മറ്റ് ഏജൻസികളുടെ സഹായം ലഭിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിലെ 46 (എ) വകുപ്പനുസരിച്ച് സർക്കാർ നോക്കുകുത്തിയായിരിക്കുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കണം.

<u>ശ്രീ. എം. ഉമ്മർ</u> : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലിൽ 'സ്വാശ്രയ' എന്ന പദം ഒഴിവാക്കി എന്നുള്ളതല്ലാതെ മൗലികമായ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. യു.ജി.സി.യിൽനിന്നോ, മറ്റ് ഏജൻസികളിൽനിന്നോ പണം ലഭിക്കുന്നില്ല എന്ന കാരണംപറഞ്ഞു കൊണ്ടാണ് 'സ്വാശ്രയ' എന്ന വാക്ക് ഒഴിവാക്കിയത്. ഗവൺമെന്റിന്റെ മേൽവിലാസത്തിൽ ഒരു യൂണിവേഴ്സിറ്റി ആരംഭിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന് നയാപൈസ ചെലവില്ലാതെ യു.ജി.സി. യിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും പണം ലഭ്യമാക്കാമെന്ന് പറഞ്ഞുകൊണ്ട് ബിൽ കൊണ്ടുവന്നത് ഖേദകരമാണ്. ഗവൺമെന്റിന് യാതൊരു കമ്മിറ്റ്മെന്റുമില്ല എന്നാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളത്. എക്സിക്യൂട്ടീവ് കൗൺസിലിലേയ്ക്ക് രണ്ട് ലാ എക്സ്പെർട്ടിനെയും ഉന്നതവിദ്യാഭ്യാസ കൗൺസിലിലെ ഒരാളെയും ഉൾപ്പെടുത്തുകയാണ്. 46 (എ)-യിൽ ഒരു പുതിയ പ്രൊവൈസോ എഴുതിച്ചേർത്തതോടെ അഡ്മിഷന്റെ കാര്യത്തിലും സാമൂഹ്യനീതിയുടെ കാര്യത്തിലും അതിന്റെ സ്പിരിറ്റ് തന്നെ ഇല്ലാതാക്കി. സാധാരണക്കാർക്ക് നിയമത്തെക്കുറിച്ച് അറിയാനും പഠിക്കാനും യൂണിവേഴ്സിറ്റിയിൽ സംവിധാനം ഉണ്ടാക്കണം. 'ലീഗൽ സെൽ ഫോർ പബ്ലിക് ലിറ്ററസി' എന്നുകൂടി ബില്ലിൽ ചേർക്കണം. വർഷങ്ങളോളം നീണ്ടുനിൽക്കുന്ന വ്യവഹാരങ്ങൾക്ക് അറുതിവരുത്താൻ ആർബിട്രേഷൻ ആന്റ് കൺസിലിയേഷന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തി അത്തരം കോഴ്സുകൾക്ക് പ്രാതിനിധ്യം നൽകണം. ഡീപ്പ് സീ, സ്പേസ്, സൈബർ ലാ തുടങ്ങിയ നിയമപഠനങ്ങളെ സംബന്ധിച്ച് ഗവേഷണം നടത്താനാവശ്യമായ അവസരങ്ങളുണ്ടാകണം. ജുഡീഷ്യൽ ഓഫീസേഴ്സിന് റിഫ്രെഷർ

കോഴ്സുകൾ കൊടുക്കത്തക്ക വിധത്തിൽ യൂണിവേഴ്സിറ്റിയെ വളർത്തിയെടുക്കണം. നിയമസഭ ഉണ്ടാക്കുന്ന പല നിയമങ്ങളും കോടതിയിൽ പരാജയപ്പെടുന്നതിനാൽ കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നിയമപഠനത്തിൽ നിയമസഭാസാമാജികർക്ക് പരിശീലനം ലഭ്യമാക്കി സംശയം ദൂരീകരിക്കാനുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനമായി ഈ യൂണിവേഴ്സിറ്റിയെ മാറ്റണം.

ശ്രീ. പി. ജയരാജൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 11-ാം കേരള നിയമസഭയിൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ബില്ലിൽ സെൽഫ് ഫിനാൻസിംഗ് എന്ന വാക്ക് മാറ്റണമെന്ന ഭേദഗതി പ്രതിപക്ഷത്തുനിന്ന് കൊണ്ടുവന്നപ്പോൾ അതിനെ വോട്ടിനിട്ട് തോൽപ്പിക്കുകയാണ് ചെയ്തത്. നിയമ വിദ്യാഭ്യാസത്തിന്റെ ഉന്നതപഠനം നല്ല നിലവാരത്തിലാക്കുന്നതിനു വേണ്ടിയാണ് ഇത്തരമൊരു നിയമം കൊണ്ടുവന്നത്. അതിന് മാതൃകയാക്കിയത് ബാംഗ്ളൂരിലുള്ള ലീഗൽ യൂണിവേഴ്സിറ്റി നിയമമാണ്. കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിന് സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങളെ സംബന്ധിച്ച് വ്യക്തമായ നിലപാടുണ്ട്. അത്തരം സ്ഥാപനങ്ങൾ സ്ഥാപിതമായിട്ടുള്ള സാഹചര്യത്തിൽ അവയിൽ സാമൂഹ്യ നിയന്ത്രണം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഇടപെടലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ളത്. ഈ ഭേദഗതിയിൽ അതിനുള്ള കാര്യങ്ങളാണ് വന്നിട്ടുള്ളത്. സെൽഫ് ഫിനാൻസിംഗ് അല്ലാത്ത ഒരു സ്ഥാപനമാണ് ബാംഗ്ളൂരിലുള്ളത്. അതുപോലെയുള്ള സ്ഥാപനമായിട്ട്

ഇവിടെയുള്ള യൂണിവേഴ്സിറ്റിയെ മാറ്റിയെടുക്കാനുള്ള തീരുമാനമാണ് ബില്ലിന് അടിസ്ഥാനമായിട്ടുള്ളത്. ഇതിന്റെ ജനറൽ കൗൺസിലിൽ മുപ്പത്തിയെട്ടുപേരുണ്ട്. ചീഫ് ജസ്റ്റീസ് ഓഫ് ഇൻഡ്യയാണ് ഇതിന്റെ വൈസ് ചാൻസലർ. കൂടാതെ ഗവൺമെന്റിന്റെ പ്രതിനിധികളുമുണ്ട്. അവിടെ ഇല്ലാതിരുന്ന വിദ്യാർത്ഥി പ്രതിനിധികളെ ഇവിടെ ഉൾപ്പെടുത്തിയിട്ടുണ്ട്. എക്സിക്യൂട്ടീവ് കൗൺസിലിലെ അംഗങ്ങളുടെ എണ്ണം പതിനാറിൽ നിന്ന് ഇരുപതാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ, ധനകാര്യ വകുപ്പ് സെക്രട്ടറി, രണ്ട് നിയമ പണ്ഡിതർ എന്നിവർകൂടി ഇതിന്റെ ഭാഗമായി മാറുകയാണ്. ധനകാര്യ ഉദ്യോഗസ്ഥൻ വന്നാൽ സാമ്പത്തിക കാര്യങ്ങളിൽ ഇടപെടാൻ സാധിക്കും. ബില്ലിലെ 46(A) വകുപ്പനുസരിച്ച് യൂണിവേഴ്സിറ്റിക്കാവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ കൊടുക്കാനുള്ള അധികാരം ഗവൺമെന്റിന് ലഭിക്കുകയാണ്. എക്സിക്യൂട്ടീവ് കൗൺസിലിന്റെ തീരുമാനം അന്തിമമായിരിക്കുമെന്നും പറയുന്നുണ്ട്. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സ്വതന്ത്രത നിലനിർത്തിക്കൊണ്ട് ഗവൺമെന്റിന് പറയാനുള്ള കാര്യങ്ങൾ പറയാനുള്ള അവസരം നൽകാനുള്ള ഒരു ഭേദഗതി ബില്ലാണിത്. എൽ.ഡി.എഫ്. സർക്കാരിന്റെ വിദ്യാഭ്യാസ മേഖലയിലുള്ള പ്രവർത്തനം സെക്യുലർ വിദ്യാഭ്യാസ നയത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതുതന്നെയാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽ ഒരു സാമൂഹ്യ നിയന്ത്രണം കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിയമ സർവ്വകലാശാലയിൽ ഉന്നത നിയമ പഠനത്തിനു വേണ്ടിയുള്ള കാര്യങ്ങൾ ഉറപ്പാക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു സംരംഭമായിട്ടാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സർവ്വകലാശാല ധനസഹായ കമ്മീഷനിൽനിന്നോ മറ്റേതെങ്കിലും ഏജൻസി കളിൽനിന്നോ ഗ്രാന്റുകൾ സ്വീകരിക്കുന്നതിന് സാധിക്കാത്ത അവസ്ഥയിൽ അങ്ങനെയുള്ള ഗ്രാന്റുകൾ ലഭിക്കുന്നതിന് സർവ്വകലാശാലയെ പ്രാപ്തമാക്കുന്നതിലേയ്ക്കായി ആക്റ്റിൽ 'സ്വാശ്രയ' എന്ന വാക്ക് ഒഴിവാക്കുന്നതിനുവേണ്ടിയാണ് പ്രധാനമായും ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. സർവ്വകലാശാല ജനറൽ കൗൺസിലിന്റേയും എക്സിക്യൂട്ടീവ് കൗൺസിലിന്റേയും ഘടനയിൽ മാറ്റം വരുത്താനും ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നുണ്ട്. പൊതുവിൽ ഈ ഭേദഗതികളെല്ലാം നിർബന്ധമായും അത്യാവശ്യമായ കാര്യങ്ങളായതുകൊണ്ട് അവ അംഗീകരിക്കപ്പെടേണ്ടതാണ്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് വളരെയെറെ പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. വിദ്യാഭ്യാസം പൗരന്റെ അവകാശമാണ്. സ്വകാര്യ മൂലധന മുതൽമുടക്കിനെ എതിർക്കുന്നില്ലെങ്കിലും അവ സാമൂഹ്യ നീതിയോടെ കൈകാര്യം ചെയ്യാനുള്ള സംവിധാനം ഉണ്ടാകണം. സമ്പന്നരുടെ പ്രിവിലേജായി വിദ്യാഭ്യാസം മാറാതെ പാവപ്പെട്ടവന്റെ മക്കൾക്കും ബുദ്ധിയുണ്ടെങ്കിൽ പഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. അക്കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ് കാണിച്ച ഒരു തെറ്റ് തിരുത്തുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. വിദ്യാഭ്യാസരംഗത്ത് ഫീസ് നിർണ്ണയത്തിന്റേയും

പ്രവേശനത്തിന്റേയും കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാടുകൾ പരിഗണിക്കാൻ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകുന്നതിനു വേണ്ടിയാണ് 46(എ) എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർത്തിരിക്കുന്നത്. യൂണിവേഴ്സിറ്റികളുടെ സ്വതന്ത്ര സ്വഭാവത്തെ ഹനിക്കാത്ത രീതിയിൽ സാമൂഹ്യനീതി നടപ്പിലാക്കേണ്ടത് ഗവൺമെന്റാണ്. 2005ലെ നിയമത്തിലെ ജനവിരുദ്ധവും വിദ്യാഭ്യാസ കച്ചവടത്തെ സഹായിക്കുന്നതുമായ വകുപ്പുകൾ മാറ്റുന്നതിനുവേണ്ടിയാണ് ഇത്തരം ഒരു ഭേദഗതി കൊണ്ടുവരാൻ നിർബന്ധിതമായത്. പാവപ്പെട്ടവന്റെ മക്കൾക്ക് ചുരുങ്ങിയ ഫീസിൽ പഠിക്കാനുള്ള അവകാശമുണ്ടാകണം. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരണമെന്ന് ശക്തമായിട്ട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. കേരളത്തിൽ 84 ബാർ അസോസിയേഷനുകളും 37000-ത്തോളം വക്കീലന്മാരും ഉണ്ടെങ്കിലും എൻറോൾ ചെയ്ത വക്കീലന്മാരിൽ മൂന്നി ലൊരു ഭാഗം മാത്രമേ ഈ രംഗത്ത് പ്രവർത്തിക്കുന്നുള്ളൂ. മൂന്നുനാല് വർഷത്തേയ്ക്ക് യാതൊരു വരുമാനവുമില്ലാതെ ജോലിയെടുക്കാൻ നിർബന്ധിക്കപ്പെടുന്ന ജൂനിയർ വക്കീലന്മാർക്ക് മറ്റു സംസ്ഥാനങ്ങളിൽ ലഭിക്കുന്നതുപോലുള്ള സ്റ്റൈപ്പന്റ് ഇവിടേയും ലഭ്യമാക്കാൻ നടപടിയുണ്ടാകണം. കേസ് പഠനത്തിനായി വക്കീലൻമാർക്ക് ലൈബ്രറി സംവിധാനമുണ്ടാകണം. വക്കീലൻമാരുടെ ക്ഷേമനിധി ആനുകൂല്യം മൂന്നു ലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിച്ചതോടൊപ്പം അവർ അടയ്ക്കാനുള്ള ക്ഷേമനിധി വിഹിതത്തിലും വർദ്ധനവ് വരുത്തിയിരി ക്കുകയാണ്. 30 കൊല്ലക്കാലം ഈ ക്ഷേമനിധിയിൽ അംഗമായിരുന്നതിനു ശേഷം മാത്രമേ ആനുകൂല്യം ലഭിക്കൂ എന്നുള്ള വ്യവസ്ഥയിൽ മാറ്റമുണ്ടാ

കണം. ക്ഷേമനിധിയിൽ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം ഉണ്ടാകണം. നിയമ യൂണിവേഴ്സിറ്റി വഴി വക്കീലന്മാരുടെ ലീഗൽ സ്റ്റാമിന വർദ്ധിപ്പിക്കാനാവശ്യമായ നടപടിയുണ്ടാകണം. വക്കീലന്മാർക്ക് ഇൻ സർവ്വീസ് കോഴ്സുകളും, ഓറിയന്റേഷൻ പ്രോഗ്രാമുകളും നടത്തണം. ബൗദ്ധിക സ്വത്തവകാശ നിയമത്തിലും പാരിസ്ഥിതിക പ്രശ്നത്തിലും ലോക വ്യാപാര രംഗത്ത് വന്നിരിക്കുന്ന മാറ്റങ്ങൾക്കനുസൃതമായി നിയമങ്ങളിലും മാറ്റം വരുത്തണം. പാർലമെന്റ് പാസ്സാക്കിയ നിയമ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കുന്നതിന് നേതൃത്വം വഹിക്കാൻ ലാ യൂണിവേഴ്സി റ്റിയെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. കാലഹരണപ്പെട്ട നിയമങ്ങൾ റിപ്പീൽ ചെയ്യുന്നതിന് നിലവിലുള്ള നിയമത്തിൽ തന്നെയുള്ള ചില വകുപ്പുകൾ മാറ്റുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ലാ യൂണിവേഴ്സിറ്റിക്ക് പ്രധാന പങ്ക് വഹിക്കാൻ കഴിയും. ലാ യൂണിവേഴ്സിറ്റിയിൽ ലീഗൽ സ്ക്രൂട്ടിണിക്കുവേണ്ടി ഒരു ഫാക്കൽറ്റി രൂപീക രിക്കണം. ഈ നിയമം കുറ്റമറ്റരീതിയിൽ നടപ്പാക്കുന്നതിന് വിദ്യാഭ്യാസ, നിയമവകുപ്പുകൾ കൂടുതൽ ശ്രദ്ധചെലുത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): അംഗങ്ങളെല്ലാം ഭേദഗതിയുടെ വിവിധ വശങ്ങൾ പരാമർശിച്ചു കൊണ്ട് നല്ല നിലവാരമുള്ള ഒരു ചർച്ച തന്നെയാണ് നടത്തിയിട്ടുള്ളത്. അതോടൊപ്പം വിലപ്പെട്ട പല നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുകയുണ്ടായി. വിദ്യാർത്ഥി പ്രവേശനവും ഫീസ് ഘടനയും സംബന്ധിച്ച് യൂണിവേഴ്സിറ്റി അറിയിക്കുന്ന കാര്യങ്ങൾ യൂണിവേഴ്സിറ്റിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ പരിശോധിച്ച് തീരുമാനം എടുത്താണ് നടപ്പാക്കേണ്ടത് എന്ന ഒരു ഭേദഗതിയാണ് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ ചില

പ്രതിപക്ഷാംഗങ്ങൾ ഗവൺമെന്റ് അറിയിക്കുന്ന കാര്യങ്ങൾ നടപ്പാക്കാൻ യൂണിവേഴ്സിറ്റിയെ ബാദ്ധ്യസ്ഥമാക്കണമെന്ന നിലയിലാണ് വാദിച്ചത്. ഇതിന്റെ മൂലനിയമം കൊണ്ടുവന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വിദ്യാർത്ഥി പ്രവേശനത്തെക്കുറിച്ചോ ഫീസ് ഘടനയെക്കുറിച്ചോ സർവ്വകലാ ശാലയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന കാര്യം സൂചിപ്പിച്ചിരുന്നില്ല. സർവ്വകലാശാലയുടെ ആട്ടോണമി സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് ഉറച്ച നിലപാടാണുള്ളത്. ഓരോ വിഷയത്തിന്റേയും മെറിറ്റ് നോക്കിയാണ് തീരുമാനമെടുക്കുന്നത്. വിദ്യാർത്ഥി പ്രവേശനത്തിലും ഫീസ് ഘടനയിലും ഗവൺമെന്റിന്റെ വീക്ഷണം കാലാകാലങ്ങളിൽ യൂണിവേഴ്സിറ്റിയെ അറിയിക്കുന്നു, യൂണിവേഴ്സിറ്റിയാണ് അന്തിമമായി തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ ചട്ടങ്ങൾ മറികടന്നുകൊണ്ട് ഇടപെടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. എക്സിക്യൂട്ടീവ് കൗൺസിലിന് അന്തിമമായി തീരുമാനമെടുക്കാനുള്ള അധികാരവും അവകാശവുമുണ്ടായിരി ക്കണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ പ്രതിനിധിയാണ് വൈസ്ചാൻസലറെ കണ്ടെത്താനുള്ള സെർച്ച് കമ്മിറ്റിയിലെ മൂലനിയമത്തിൽ ഉണ്ടായിരുന്നത്. മൂന്ന് പ്രതിനിധിക ളാണ് ആ കമ്മിറ്റിയിലുള്ളത്. ബാർ കൗൺസിലിന്റെ പ്രതിനിധി എന്നുള്ളത് മാറ്റാൻ കാരണം, മൂന്നുപേരിൽ രണ്ടുപേർ സംസ്ഥാനത്തിനകത്തുനിന്നും ഒരാൾ സംസ്ഥാനത്തിനു പുറത്തുനിന്നുമാകുമെന്നുള്ളതുകൊണ്ടാണ്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി വളരെ ഉചിതമാണെന്നാണ് ഗവൺമെന്റ് കരുതുന്നത്. സർവ്വകലാശാലകളുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കുന്നതിനായി രൂപീകരിച്ച ഉന്നതാധികാര സമിതി മികവുറ്റ നിർദ്ദേശങ്ങൾ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരള ഗവൺമെന്റ് നടത്തിയ

അന്താരാഷ്ട്ര വിദ്യാഭ്യാസ സെമിനാറിൽ കാമ്പസുകളിലെ ജനാധിപത്യ സ്വാതന്ത്ര്യത്തെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥി സംഘടനാ പ്രതിനിധികളെയും ക്ഷണിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മണ്ഡലത്തിൽ നടക്കുന്ന ഗവേഷണങ്ങളും പഠനങ്ങളും പുതിയ കണ്ടെത്തലുകളും ഈ സെമിനാറിൽ ചർച്ച ചെയ്യപ്പെട്ടു. ആ ചർച്ചയിലൂടെ ഉയർന്നുവന്ന അഭിപ്രായങ്ങൾ ഗവൺമെന്റിന്റെ ഭാവി വിദ്യാഭ്യാസ കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിൽ മൂല്യവത്തായ സംഭാവന നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ മേഖലയിൽ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ട്. പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ വർഷം നടന്ന പ്രവേശനത്തിൽ ഗവൺമെന്റുമായി സഹകരിക്കാത്ത ചില വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാറ്റിനിർത്തിയാൽ ബഹുഭൂരിപക്ഷം സ്വാശ്രയ മെഡിക്കൽ കോളേജുകളും ദന്തൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും ഗവൺമെന്റുമായി സമവായത്തിൽ എത്തിച്ചേരുകയും 50 ശതമാനം സീറ്റിൽ ഗവൺമെന്റ് നടത്തുന്ന പൊതുപ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം കൊടുക്കുകയും ചെയ്തു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്രയധികം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ രണ്ടു ഫീസ് ഘടനയിൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥിതിവിശേ ഷമുണ്ടായത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യത്യസ്തമായ ഫീസ് ഘടന ഏർപ്പെടുത്തണമെങ്കിൽ ഒന്നുകിൽ അവരുമായി ധാരണ ഉണ്ടാക്കണം. അല്ലെങ്കിൽ ഇൻഡ്യൻ പാർലമെന്റിൽ നിയമം കൊണ്ടുവന്ന് പാസ്സാക്കണം. സുപ്രീംകോടതി ഈ വിഷയത്തിൽ പരസ്പര വിരുദ്ധമായ നിലപാടാണ് എടുക്കുന്നത്. അങ്ങനെയൊരു നിയമം കൊണ്ടുവരികയും ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണം

നടത്താനുള്ള അധികാരാവകാശങ്ങൾ കൊടുക്കുകയും ചെയ്താൽ സ്വാശ്രയ മാനേജുമെന്റുകൾ കേരളീയസമൂഹവുമായി സഹകരിക്കാൻ തയ്യാറാകുന്ന സ്ഥിതിയുണ്ടാകും. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ അവരുമായി ഒരു വ്യവസ്ഥയുണ്ടാക്കേണ്ടതാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് ഈ ഗവൺമെന്റിന് വ്യക്തമായിട്ടുള്ള ഒരു സമീപനമുണ്ട്. ഇതുസംബന്ധിച്ച് അംഗങ്ങൾ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പണിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

<u>ശ്രീ. കെ.സി. വേണുഗോപാൽ:</u> 110-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ. ബേബി)</u> : ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>3-ാം വകുപ്പ്</u>

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: 111-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

4-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 114-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 115-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) :ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

5-ാം വകുപ്പ്

ശ്രീ. എം. മുരളി: 118, 130 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 120-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 123. 125, 126 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 128-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 129-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

6-ാം വകുപ്പ്

ശ്രീ. കെ.സി. വേണുഗോപാൽ: 131-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി.കെ. അബ്ദുറബ്ബ്: 132-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 135-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) :ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>8-ാം വകുപ്പ്</u>

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

<u>1-ാം വകുപ്പും പീഠികയും പേരും</u>

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: പ്രമേയത്തെ പിൻതാങ്ങുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> പ്രതിപക്ഷം ഈ ബില്ലിന്റെ വകുപ്പു തിരിച്ചുള്ള പരിഗണനയിൽ പല അമെന്റ്മെന്റ്സും അവതരിപ്പിച്ചത് ബില്ലിനെ കുറ്റമറ്റതാക്കാൻ വേണ്ടിയായിരുന്നു. ദൗർഭാഗ്യവശാൽ മന്ത്രി അതിന്മേൽ നിർദ്ദയമായ സമീപനമാണ് കൈക്കൊണ്ടത്. അത് ശരിയായില്ല എന്നുള്ള ഒബ്ജക്ഷൻ ഉന്നയിച്ചുകൊണ്ട് യൂണിവേഴ്സിറ്റി വരണം, നിയമം നന്നായി നടപ്പിലാക്കുകയും വേണം. നിയമത്തിനകത്ത് രാഷ്ട്രീയ പരിഗണനവച്ച് മറ്റു രൂപത്തിലുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കാൻ ഇടയാകരുത്.

2008-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 6.22-ന് പിരിഞ്ഞു.

........................